ചെറിയ വലിയ

# വിശേഷങ്ങൾ

OCTOBER 2022

01.10.2022

## 01 ഗുരുതര പ്രശ്നം

കേരളത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ക്രൈസ്തവ പെൺകുട്ടികളായിരിക്കും. നല്ലതുതന്നെ. പോസ്റ്റ് ഗ്രാജുവേഷൻ, സൂപ്പർ സ്പെഷ്യാലിറ്റി എന്നിങ്ങനെ ഉയർന്ന തലത്തിലെത്തുന്ന ആൺകുട്ടികൾ തുലോം ചുരുക്കമായിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ പെൺകുട്ടികളുടെ വിവാഹാലോചന കാര്യങ്ങളിൽ ഇത് വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. എളുപ്പത്തിൽ പരിഹാരമുണ്ടാവില്ലെങ്കിലും ബന്ധപ്പെട്ടവരുടെയൊക്കെ ആശങ്കകൾ നീക്കാൻ ഇടപെടലുകൾ വേണം.

## 02 നമ്മിൽ നിന്ന് വിട്ടുപോയവരെക്കുറിച്ച്

യുവജന പ്രവർത്തനങ്ങളിൽ സജീവമായിരുന്ന, മരണമടഞ്ഞ ജീസസ് യൂത്തിന്റെ വിവരങ്ങൾ നൽകാൻ കഴിഞ്ഞയാഴ്ച നൽകിയ ഗൂഗിൾ ഫോം ലിങ്കിൽ 21 പേരുടെ വിശദാംശങ്ങളാണ് ലഭിച്ചത്. അവരിവരാണ്. കാഞ്ഞിരപ്പള്ളിയിൽ നിന്ന് ഫാ. ജോർജ് മാടപ്പാട്ട്, ഷാജി ചാക്കോ, ലിജോയി, തലശ്ശേരിയിൽ നിന്ന് സുരേഷ് കുഴിയംപ്ലാവിൽ, സെലിൻ ജയിംസ്, ജിൻസി മണിക്കൊമ്പിൽ, ജസ്റ്റിൻ പുതുപ്പറമ്പിൽ, സിബി മാന്തറ, എറണാകുളത്തു നിന്ന് ഫാ. ചെറിയാൻ നേരെവീട്ടിൽ, സി. ത്രേസ്യാമ്മ, അജ്ന ജോർജ്, നിലമ്പൂരിൽ നിന്ന് ജിതിൻ ജോർജ്, അബുദാബിയിൽ നിന്ന് മാർട്ടിൻ, പാലായിൽ നിന്ന് സജി ചെറുവള്ളാത്ത്, ഡൽഹിയിൽ നിന്ന് വിക്ടർ അമൽനാഥൻ, കാസർകോഡ് നിന്ന് വി ജോ കുര്യൻ, റോബിൻ സെബാസ്റ്റ്യൻ, മംഗലാപുരത്ത് വിമാനാപകടത്തിൽ മരണമടഞ്ഞ റോസിലി, മക്കളായ ഗോഡ്വിനാ, ഗ്ലോറിയ, നാഗ്പൂരിൽ നിന്ന് ആർച്ച്ബിഷപ്പ് അബ്രാഹം വിരുത്തികുളങ്ങര.

കുറെപ്പേരുടെ വിവരങ്ങൾകൂടി ലഭിക്കാനുണ്ടെന്ന് തീർച്ചയാണ്. ലിങ്ക് ഒരിക്കൽ കൂടി നൽകുന്നു. വിവരങ്ങൾ ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

https://docs.google.com/forms/d/e/1FAIpQLSf8QHarVWfnUw9UZmAcWuy6Qs2bQbLp85i6wMDgHgpvEL8J-g/viewform?usp=pp_url&entry.560018265=qq&entry.1713199159=aa&entry.1989325571=aa&entry.371548737=aa&entry.783768994=2022-02-21&entry.1927407524=2022-09-23&entry.1279559116=qq&entry.1021456707=aa

ഒക്ടോബർ മാസത്തിൽ ചരമവാർഷികം വരുന്നവരിവരാണ്. സിബി മാന്തറ (7-10), വിജോ കുര്യൻ (21 -10) ഫാ. ജോർജ് മാടപ്പാട്ട് (23 -10) അവർക്കായി പ്രാർത്ഥിക്കാം.

## 03 കൂടുതൽ നേട്ടങ്ങൾ

ഡോ. സ്റ്റാലിൻ റാഫേൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ കായികാധ്യാപകനാണ്. കായിക പരിശീലന രംഗത്തും സ്പോർട്സ് സൈക്കോളജി രംഗത്തുമൊക്കെ ഏറെ ശ്രദ്ധിക്കപ്പെടുന്ന ശബ്ദമായി മാറിയിരിക്കുന്നു സ്റ്റാലിൻ. ഇപ്പോഴിതാ സ്റ്റാലിനെ ഗുജറാത്തിൽ നടക്കുന്ന 36മത് ദേശീയ ഗെയിംസിനായുള്ള കേരള ടീമിന്റെ ഡെപ്യൂട്ടി ഷെഫ് ഡി മിഷനായി നിയോഗിച്ചിരിക്കുന്നു.

## 04 ജോർജിയാ മെലോനി

മലയാള ദിനപത്രങ്ങളുടെ പോലും തലക്കെട്ടുകൾ കണ്ടപ്പോൾ എന്തോ അപകടം പറ്റിയ പോലെയാണ് തോന്നിയത്. ഇറ്റലിയിലെ തിരഞ്ഞെടുപ്പിൽ 'തീവ്രവലതുപക്ഷ' കക്ഷി ഭൂരിപക്ഷത്തിലേയ്ക്ക് എത്തിയിരിക്കുന്നത്രേ. ഭ്രൂണഹത്യ പാടില്ല, ലൈംഗിക അരാജകത്വം അനുവദിക്കാനാവില്ല എന്നൊക്കെ നിലപാടുകളുള്ള ക്രൈസ്തവ വിശ്വാസിയായ ജോർജിയ മെലോനി പ്രധാനമന്ത്രിയാകുന്നതിനെയാണ് നമ്മുടെ മാധ്യമങ്ങൾ വലിയ 'അപകടം' എന്ന രീതിയിൽ ചിത്രീകരിക്കുന്നത്. ഓൺലൈൻ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ ശ്രദ്ധിച്ചുപയോഗിച്ചില്ലെങ്കിൽ ശുദ്ധ മനസ്കർ തെറ്റിദ്ധരിക്കപ്പെടാനിടയുണ്ട്. അമ്മയുടെ ഉദരത്തിൽ ഉരുവായ കുഞ്ഞിനെ കൊല്ലാനുള്ള അവകാശം സ്ത്രീയ്ക്കുണ്ട് എന്നൊക്കെയുള്ള വിധികൾ പരമോന്നത കോടതിയിൽ നിന്ന് വരുമ്പോൾ 'തീവ്ര വലതുപക്ഷം' ഇവിടെയും വരണമെന്നാണ് ആഗ്രഹിച്ചു പോകുന്നത്.

## 05 ആഫ്രിക്കൻ മിഷൻ

കൊച്ചുത്രേസ്യ പുണ്യവതി മഠത്തിന്റെ മതിൽക്കെട്ടിന് പുറത്തിറങ്ങാതെയാണ് ആഗോള മിഷൻ മദ്ധ്യസ്ഥയായത്. നിങ്ങൾക്കും നിങ്ങളുടെ വീട്ടിലിരുന്നുതന്നെ ആഫ്രിക്കയിലെ മിഷണറിയാകാം. ടാൻസാനിയ 100, കെനിയ 50, ടോഗോ 50, സിംബാബെ 150 +15 കെയ്റോസ് ഗ്ലോബൽ, ബോട്സാന 50, ഘാന 50, മലാവി 50, ക്രൈസ്തവ പീഡനത്തിന് കുപ്രസിദ്ധിയാർജിച്ച നൈജീരിയ എന്നിവിടങ്ങളിലൊക്കെ കെയ്റോസ് ബഡ്സ് മാസിക ഇപ്പോളെത്തുന്നുണ്ട്. മാസികയുടെ വിലയും, അയയ്ക്കുന്നതിനുള്ള ചിലവും (അതാണ് കൂടുതൽ) നല്കി മാസിക വാങ്ങാൻ അവർക്കാവില്ല. ഓരോ മാസവും 500/1000 രൂപ നല്കാനാവുമെങ്കിൽ നിങ്ങൾക്കും ഈ ആഫ്രിക്കൻ മിഷൻ ദൗത്യത്തിൽ പങ്കുചേരാം. വിശദാംശങ്ങൾക്ക് ആഫ്രിക്കൻ മിഷനറി ലീനയെ വിളിക്കൂ 6238 279 115

## 06 ബോബി അച്ചന്റെ കുറിപ്പ്

എഴുത്തുകാരനും പ്രഭാഷകനുമായ ബോബി ജോസ് കട്ടികാടച്ചന്റെ കുറിപ്പുകൾ എപ്പോഴും ഹൃദയസ്പർശിയാണ്. കോട്ടയംഎറണാകുളം യാത്രയ്ക്കിടയിൽ 21 വയസ്സുകാരനായ ഒരു കണ്ടക്ടർ പയ്യൻ, ബസ്സിലിരുന്ന് ശർദ്ദിക്കാനിടയായ ഒരു മുതിർന്ന ആളിന്റെ പുറം തടവി കൊടുത്തതും, സഹായിച്ചതിനെയും കുറിച്ചുള്ള ഫേസ്ബുക്കിൽ കണ്ട കുറിപ്പ് അത്തരത്തിലൊന്നായിരുന്നു. ബസ്സിൽ നിന്നിറങ്ങുന്നതിനു മുൻപ് അവന്റെ കാൽതൊട്ട് വന്ദിച്ചു എന്നാണെഴുതിയിരിക്കുന്നത്.

https://www.facebook.com/groups/frbobbyjosekattikkadu/permalink/5635016529889771/

## 07 അനിലിന്റെ എഴുത്തുകൾ

പ്രസിദ്ധീകരണത്തിന്റെ അഞ്ചാം വർഷം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന കെയ്റോസ് ഗ്ലോബൽ മാസികയിൽ ഒരൊറ്റ ലക്കത്തിലും മുടങ്ങാതെ ജീസസ് യൂത്ത് ലേഖന പരമ്പര എഴുതുന്ന എഡ്യുസിസാർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലേഖനങ്ങളെഴുതിയിരിക്കുന്നത് ജർമനിയിൽ ഭാര്യ സുനിതയോടും, അഞ്ച് മക്കളോടുമൊപ്പം താമസിക്കുന്ന അനിൽ ഇസ്രായേൽ ആയിരിക്കും. ബ്രെഡ് ഓഫ് ലൈഫ് എന്ന പേരിലുള്ള ദൈവ വചനത്തിൽ നിന്ന് ഉൾക്കാഴ്ചകൾ തേടുന്ന ഒരു പംക്തിയാണത്. ഒരിക്കലും ആവർത്തനമില്ലാതെ പ്രചോദനാത്മകമായി എഴുതുന്നു എന്നത് അനിലിന്റെ പ്രത്യേകത.

## 08 സത്യം പറയാനുള്ള ധൈര്യം

തികഞ്ഞ ശാന്ത പ്രകൃതമാണ് കെയ്റോസ് മലയാളത്തിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിക്കുന്ന സാജന്റെ മുഖമുദ്ര. പക്ഷേ നിലപാടുകളിൽ ഏതെങ്കിലും തരത്തിലുള്ള വെള്ളം ചേർക്കലുകൾ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കരുത്. വഴിയിൽ കൂടി നടന്നു പോയ ഒരു പെൺകുട്ടിയുടെ വസ്ത്രധാരണത്തിലെ ശരിയല്ലായ്മകളെ കുറിച്ച്, തിരുത്തുക എന്ന ലക്ഷ്യത്തോടെ ഇടപെട്ടതിനെക്കുറിച്ചും അതിന് ലഭിച്ച നല്ല പ്രതികരണത്തെക്കുറിച്ചും സാജൻ തന്നെ ഫേസ്ബുക്കിലെഴുതിയ കുറിപ്പ് നല്ലതും ശരിയും ചെയ്യാൻ മടിക്കുന്ന ഏവർക്കും പ്രചോദനകരമാണ്.

https://www.facebook.com/1844719976/posts/pfbid0iWn8JsZHGc2euvpB76pEZsLjr2KmARF4JCZ5K3q2fr7HRMXZ3CnabouMILa89fPxl/

## 09 ബിഷപ്പിന്റെ പാട്ട്

ഇന്ത്യയിലെ ജീസസ് യൂത്തിനായി സിബിസിഐ നിയോഗിച്ചിരിക്കുന്ന എക്ളേസിയാസ്റ്റിക്കൽ അഡ്വൈസറാണ് കണ്ണൂർ രൂപതയുടെ ബിഷപ്പ് കൂടിയായ ഡോ. അലക്സ് വടക്കുംതല. അതിജീവന പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ സമര പന്തലിൽ പിന്തുണയുമായി അദ്ദേഹമെത്തിയിരുന്നു. അദ്ദേഹം തന്നെ രചിച്ച പ്രതിഷേധ ഗാനം വൈദികർക്കൊപ്പം ആലപിക്കുകയും ചെയ്തു.

https://www.facebook.com/100004647156875/posts/pfbid0QvY5qquQvRQjmnd4SCALu7QHCSmzSNFQEarFieK7RxAwcn5UezrT8AhaUMhU5TXFl/

08.10.2022

## 10 നൈറ്റിംഗേൽ ഓഫ് ദി ഹോളി യൂക്കറിസ്റ്റ്

പ്രസിദ്ധീകരണം ആരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ 7 എഡിഷനുകളിലായി 35,000 കോപ്പി അച്ചടിച്ച, അനേകരുടെ ജീവിതങ്ങളെ ദൈവ സ്നേഹത്തിന്റെ ചൈതന്യത്തിലേക്ക് അടുപ്പിച്ച, ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി എന്ന പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 15.10.2022 ശനിയാഴ്ച എറണാകുളം P.O.C.യിൽ വച്ച് പ്രകാശനം ചെയ്യപ്പെടുന്നു.

കെയ്റോസ് ഗ്ലോബൽ മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായ ടാനിയ റോസ് ജോസുൻ ആണ് വിവർത്തനം ചെയ്തിരിക്കുന്നത്. ടാനിയ തയ്യാറാക്കിയ ബൈബിൾ സ്റ്റോറീസ് ഫോർ ചിൽഡ്രൻ എന്ന ഗ്രന്ഥം മനോഹരമായ ഇല്ലസ്ട്രേഷനുകളോടെ ഡി.സി ബുക്സ് നേരത്തെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 11 അജ്ന ഷോർട്ട് ഫിലിം

യഥാർത്ഥത്തിൽ നടന്ന സംഭവത്തിന്റെ അടിസ്ഥാനത്തിൽ എന്ന കുറിപ്പോടെയാണ് അജ്ന എന്ന പേരിലുള്ള 20 മിനിറ്റുള്ള ഷോർട്ട് ഫിലിം പാലാ ജീസസ് യൂത്തിന്റെ യൂട്യൂബ് ചാനലിൽ റിലീസ് ചെയ്തിരിക്കുന്നത്. നന്നായിരിക്കുന്നു എന്നു കണ്ടവരുടെയൊക്കെ പ്രതികരണം. വരുന്ന നാളുകളിൽ ഇനിയുമേറെ പ്രതീക്ഷിക്കാവുന്ന, വലിയ സാധ്യതകളുള്ള, സർവ്വോപരി പാലാക്കാരനായ ഡോൺ ജോസഫ് എന്ന ചെറുപ്പക്കാരനാണ് ഷോർട്ട് ഫിലിമിന്റെ പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്.

https://youtu.be/7IsN-zX44Rk

## 12 ഡയാന ജോസഫിന്റെ കാര്യം

ഒരു ചിത്രകാരി കൂടിയായ ഡയാനയുടെ വർഷങ്ങളായുള്ള പ്രവർത്തന മേഖല, ഇക്കാലത്ത് യുവതലമുറയെയും, കുട്ടികളെയും പോലും ദുരന്തത്തിലേയ്ക്ക് തള്ളി വീഴ്ത്തുന്ന മയക്കുമരുന്നുകൾക്ക് എതിരെയായുള്ളതാണ്. 'വേണ്ട' എന്ന പേരിലാണാ പ്രവർത്തനങ്ങൾ നടക്കുന്നത്. ഭർത്താവും ജീസസ് യൂത്ത് ഇന്റർനാഷണലിന്റെ മുൻ കോർഡിനേറ്ററുമായ സി.സി. ജോസഫും 'വേണ്ട' പ്രവർത്തനങ്ങളിൽ സജീവമാണ്. ഇപ്പോഴിതാ NCPEDP-യുടെ 2022ലെ അവാർഡിന് ഡയാന തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

## 13 31-ാം വിവാഹ വാർഷിക ഡാൻസ്

'Age is just a number' പ്രായമെന്നത് വെറുമൊരു സംഖ്യ മാത്രം എന്നൊക്കെ പറയാറുണ്ട്. അങ്കമാലിയിൽ താമസിക്കുന്ന ഡോ. സനൽ കേരളത്തിലെ അറിയപ്പെടുന്ന ഒരു യൂറോളജിസ്റ്റ് ആണ്. ഭാര്യ ഡോ. സ്മിത ഗൈനക്കോളജിസ്റ്റും. പ്രായം കൂടുന്നുണ്ട് എന്നു കരുതി അടങ്ങിയൊതുങ്ങിയിരിക്കാനല്ല, 31 -ാം വിവാഹ വാർഷിക ദിനത്തിൽ മനോഹരമായൊരു ഡാൻസ് കളിച്ച് ആഘോഷിക്കാനാണ് രണ്ടുപേരും തീരുമാനിച്ചത്. ക്യാമറാ വുമൺ മകൾ ഡോ. ശീതൾ.

https://www.facebook.com/100000247249915/posts/pfbid02qq9zs3fT8v9SiESrJSrpeBi8HZRaL8eX55AZFLsFjtxyk6ouHvsk4BkwWpoJarxl/

## 14 ജീസസ് യൂത്ത് ഹോമിയോ ഡോക്ടേഴ്സ് ഗാതറിംങ്ങ്

ജീസസ് യൂത്തിൽ എന്തെല്ലാം വ്യത്യസ്തമായ തരത്തിലുള്ള ഗാതറിംങ്ങുകൾ നടക്കുന്നുണ്ടെന്ന് കണ്ടെത്താൻ അത്ര എളുപ്പമല്ല. അടുത്തയിടെ കേട്ടത് ഹോമിയോക്കാരുടെ പ്രഥമ സമ്മേളനത്തെക്കുറിച്ചാണ്. കൂടുതൽ വ്യക്തികളിലേക്ക് കടന്നുചെല്ലാൻ അത് സഹായിച്ചേക്കുമായിരിക്കും.

## 15 മരണമടഞ്ഞവരെക്കുറിച്ച്

ജീസസ് യൂത്തിൽ സജീവമായിരുന്നവരിൽ മരണമടഞ്ഞ 25 പേരെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. പുതുതായി ലിസ്റ്റിൽ ചേർക്കപ്പെട്ടവർ സിബിച്ചൻ ചങ്ങനാശ്ശേരി, റോബർട്ട് ത്രിശൂർ, സി.വി. മാത്തച്ചൻ, സാംസൺ എറണാകുളം എന്നിവരാണ്. ഇനിയും വിവരങ്ങൾ ചേർക്കാനായുണ്ട്.

## 16 ഇടവകകളിനി സജീവമാകും

1300ലേറെ ചെറുപ്പക്കാർ മാരാരിക്കുളത്തെ കടപ്പുറത്തുനിന്ന്, ഒരു ജീവിതത്തിനു വേണ്ട ഓർമ്മകളത്രയും സ്വന്തമാക്കി തങ്ങളുടെ സ്വന്തം ഇടവകകളിലേയ്ക്ക് തിരിച്ചെത്തിയിരിക്കുന്നു. പാരിഷ് കോർഡിനേറ്റർ ആൽവിന്റെയും കൂട്ടരുടെയും മാസങ്ങൾ നീണ്ട പ്രാർത്ഥനയുടെയും, കഠിന പരിശ്രമത്തിന്റെയും ഫലം ഇടവകകളിൽ വിരിയുമെന്നു തന്നെ കരുതാം. ഒരു കടപ്പുറത്തിന്റെ മണൽപ്പരപ്പിൽ ഇത്ര വലിയൊരു ജെ വൈ സമ്മേളനം ആദ്യമായാണെന്നു തോന്നുന്നു.

## 17 മിഷൻ മാസം

ആഗോളസഭ മിഷൻ സൺഡേയൊക്കെ ആചരിക്കുന്ന ഒക്ടോബർ ജീസസ് യൂത്തിന് മിഷൻ മാസമാണ്. ഏഴാമത്തെ ബാച്ചിലെ ഫുൾടൈമറും, ഇപ്പോൾ സൗത്ത് സുഡാനിൽ സെമിനാരി റെക്ടറുമായി പ്രവർത്തിക്കുന്ന ഫാ. ഷൈജൻ ജോബ്, ജീസസ് യൂത്ത് ആഗോള മിഷൻ ടീമിന്റെ ചാപ്ലിയിനുമാണ്. ഷൈജനച്ചനാണ് ഒക്ടോബർ മാസത്തേയ്ക്കുള്ള ജീസസ് യൂത്ത് വിചിന്തനം തയ്യാറാക്കിയിരിക്കുന്നത്. അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വാക്യമിതാണ്. "നമുക്ക് നമ്മുടെ നാഥനോട് ചേർന്നിരിക്കാം. അങ്ങനെ ക്രിസ്തുവിന്റെ മണം നമ്മുടെ വീടുകളിലും, കലാലയങ്ങളിലും പ്രവർത്തന മേഖലകളിലും എത്തിക്കാം."

## 18 ആർച്ച് ബിഷപ്പ് വായിക്കുന്ന കെയ്റോസ് ഗ്ലോബൽ

സിംഗപ്പൂരിൽ ജോലി ചെയ്യുന്ന കാഞ്ഞിരപ്പള്ളിക്കാരൻ നോബിൻ ജോസാണിപ്പോൾ കെയ്റോസ് ബഡ്സ് മാസികയുടെ ചീഫ് എഡിറ്റർ. കുറച്ചു നാളുകൾക്കു മുൻപ് ആർച്ച് ബിഷപ്പിനെ (ഇപ്പോൾ കാർഡിനൽ) കാണാൻ ചെന്നപ്പോൾ കെയ്റോസ് വായിക്കുന്നതിനെക്കുറിച്ചും, അതിലെ ഉള്ളടക്കം എത്രമാത്രം ഹൃദയസ്പർശിയാണെന്നുമൊക്കെ അദ്ദേഹം പറഞ്ഞത്രേ. ഓരോ രാജ്യക്കാരും തങ്ങളുടെ രാജ്യത്തെ ബിഷപ്പുമാർക്കും വൈദികർക്കും കെയ്റോസ് മാസികകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയാൽ അത് യുവജന പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമുള്ളതാക്കും. ജീസസ് യൂത്ത് എന്താണ് ചെയ്യാൻ ശ്രമിക്കുന്നതെന്ന വ്യക്തത മാസികയുടെ വായന അവർക്ക് നൽകും.

https://m.facebook.com/story.php?story_fbid=pfbid037CKsasK5hC4FS3eB6hLjjHhiKsRSQLM71yFR5kY6gRLYFeocq6Q7r9LehwXCcM39l&id=100064243262718

ശശി ഇമ്മാനുവൽ മലയാളം മാസികയിലെഴുതിയ ലേഖനം സ്വാധീനിച്ച തിനെക്കുറിച്ചാണീ ലഘു കുറിപ്പ്.

https://m.facebook.com/story.php?story_fbid=pfbid02GtYKjRb2NV3w9VCpWB2MVfRsYdbHxQQa2SX4K1Kf23UMtzFGCX3xbBrZ3DrT5TeMl&id=100064243262718

## 19 സുബിൻ BNI നേതാവ്

വർഷങ്ങളോളം ഔട്ട് റീച്ച് ചൈൽഡ് സപ്പോർട്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്ന കോഴിക്കോടുകാരൻ സുബിൻ ജേക്കബ് ബിസിനസ്സ് നെറ്റ്വർക്ക് ഇന്ത്യയുടെ കൊച്ചിയിലെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇക്കാലത്ത് ധാരാളം ചെറുപ്പക്കാർ തൊഴിൽ കൊടുക്കുന്ന സംരംഭകരാകുന്നു എന്നതൊരു നല്ല കാര്യം.

## 49-ാം എപ്പിസോഡ്

49 -ാം എപ്പിസോഡ് ജിപ്സൺ ലിന്റൺ കുടുംബങ്ങളുടെ നേതൃത്വത്തിൽ Kairos Studio യൂട്യൂബ് ചാനലിൽ എല്ലാ ശനിയാഴ്ച വൈകുന്നേരങ്ങളിലും (7pm) പ്രീമിയർ ചെയ്യപ്പെടുന്ന പ്രെയ്സ് അഡോണായി എന്ന ഇംഗ്ലീഷിലുള്ള പ്രയിസ് ആൻഡ് വർഷിപ്പ് പ്രോഗ്രാം ഹാഫ് സെഞ്ചുറിയിലേയ്ക്കെത്തുകയാണ്. ഏറെ മനോഹരമായ പാട്ടുകളാണ് ഓരോ സെഷന്റെയും സ്പെഷ്യൽ അട്രാക്ഷൻ.

https://www.youtube.com/watch?v=FYkEYUhIFsk

## 20 കൽക്കട്ടയ്ക്ക് ശേഷം കാറ്റാടി മലയിലേയ്ക്ക്

ഡിസംബർ അവസാനം ത്രിശ്ശൂരിൽ നടക്കാനിരിക്കുന്ന ഫാമിലി കോൺഫ്രൻസിന്റെ ഒരുക്കങ്ങളുടെ ഭാഗമായി മദർ തെരേസയുടെ കൽക്കട്ടയ്ക്ക് നടത്തിയ അനുഗ്രഹപ്രദമായ മിഷൻ യാത്രയ്ക്ക് ശേഷം അവരിനി നമ്മുടെ നാട്ടിലെ അല്മായരുടെയിടയിൽ നിന്ന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട ദേവസഹായം പിള്ളയുടെ പക്കലേയ്ക്ക് യാത്രയാവുകയാണ്. ഒക്ടോബർ 23 ഞായറാഴ്ച അവരുടെ കൂടെ കൂടാൻ താല്പര്യമുണ്ടെങ്കിൽ സിനോജ് സൂസൻ ദമ്പതികളെ വിളിക്കൂ 8075686365

## 21 ആത്മാവിന്റെ വേട്ടക്കാർ

2001 മാർച്ച് 11ന് മലപ്പുറം ജില്ലയിലെ പൂക്കിപ്പറമ്പ് എന്ന സ്ഥലത്തുണ്ടായ ബസ്സപകടത്തിൽ കോഴിക്കോട് സോണിൽ നിന്നുള്ള അഞ്ച് ജീസസ് യൂത്തുകൾ വെന്ത് മരിക്കുകയുണ്ടായി. കൂരാച്ചുണ്ട് ഇടവകക്കാരനായ റോയി ചുമപ്പുങ്കൽ, ചെമ്പനോട ഇടവകക്കാരായ രജനി കാവിൽപ്പുരയിടം, ബിന്ദു വാഴേക്കാവത്ത്, ഷിജി കറുത്തപാറയ്ക്കൽ, റീനാ പാലറ എന്നിവരാണവർ. ഇടുക്കിയിലെ രാജപുരം ഇടവകയിൽ നടന്ന പാരീഷ് മിഷൻ ഔട്ട് റീച്ചിൽ പങ്കെടുത്തിട്ട് തിരിച്ചു വരികയായിരുന്നു അവർ. അവരുടെ ജീവിതം ചിത്രീകരിക്കുന്ന വിവിധ എപ്പിസോഡുകളുള്ള ഡോക്യുമെന്ററി ഗോഡ്സ് ബാൻഡിന്റെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്. ജിന്റോ തോമസ് ആണ് സംവിധാനം നിർവ്വഹിച്ചിരിക്കുന്നത്.

https://youtu.be/bRRYTcBnOQk

## 22 സൂപ്പർ പ്രോഗ്രാം

"അടുത്തയിടെ കൂടിയ പ്രോഗ്രാം/ധ്യാനം സൂപ്പറായിരുന്നു എന്നല്ലേ പറഞ്ഞത്. എന്തൊക്കെയായിരുന്നു അവിടെ നിന്ന് മനസ്സിലാക്കിയ പ്രധാന കാര്യങ്ങൾ."

"ഓ അതേയ്, ഇപ്പോൾ രണ്ടാഴ്ചയായില്ലേ. ഞാനേതാണ്ടെല്ലാം മറന്നു കഴിഞ്ഞു. എന്നാലും സൂപ്പറായിരുന്നു."

"നോട്ടൊക്കെ എഴുതിയെടുത്തില്ലായിരുന്നോ."

"ക്ലാസുകളൊക്കെ നല്ല Interesting ആയിരുന്നതുകൊണ്ട് നോട്ടൊന്നും എഴുതിയില്ല."

"അപ്പോൾ വളരെ കഷ്ടപ്പെട്ട് സംഘടിപ്പിച്ച പ്രോഗ്രാമിന്റെ ഇഫക്റ്റ് രണ്ടാഴ്ചകൊണ്ട് തീർന്നെന്നു കരുതണമല്ലേ"

"ഓ, പക്ഷേ നല്ല പ്രോഗ്രാമായിരുന്നു കേട്ടോ"

*********

"ജീസസ് യൂത്തിലേയ്ക്കൊക്കെ വരുന്നവർക്ക് വളരാൻ സഹായിക്കുന്ന കെയ്റോസ് കാര്യങ്ങളൊക്കെ പ്രോഗ്രാമിൽ പങ്കെടുക്കുന്നവരെ അറിയിക്കണ്ടേ?"

"അതേയ്, സമയം കിട്ടുമെന്നു തോന്നുന്നില്ല. പ്ലാനിട്ടിരിക്കുന്ന സെഷനുകൾക്ക് തന്നെ സമയമില്ല. എല്ലാം നല്ല കിടിലൻ പ്രാസംഗികരാണ്. അവർക്ക് സമയം കൊടുക്കണ്ടേ?"

"നിങ്ങൾ ഇതുവരെ കേട്ട പ്രസംഗങ്ങളിൽ ഏതൊക്കെ ഇപ്പോഴും ഓർമ്മയിലുണ്ട്"

"..അത് ...... പക്ഷേ... ഇവരെയൊക്കെ വളരെ ബുദ്ധിമുട്ടിയാണ് സംഘടിപ്പിച്ചത് "

"കിടിലൻ പ്രസംഗങ്ങൾ ഒന്നു രണ്ടെണ്ണം കുറച്ചാലും അവരെ ആദ്ധ്യാത്മികമായി വളരാനും ആഴപ്പെടുത്താനും സഹായിക്കുന്ന ആത്മീയ വായന അവരെ പരിചയപ്പെടുത്തുന്നതും അതിനവരെ സഹായിക്കുന്നതുമാവില്ലേ, അവർ നിലനിൽക്കാൻ കൂടുതൽ പ്രയോജനപ്രദം."

"പക്ഷേ അങ്ങിനെ ചെയ്താൽ അടിപൊളിയായിരുന്നു എന്ന് പങ്കെടുത്തവർ പറയുമോ... ഞാനൊരു 5 മിനിറ്റ് സംഘടിപ്പിക്കാൻ പറ്റുമോ എന്ന് നോക്കട്ടെ"

"വേണമെന്നില്ല ... അത്തരമൊരു ഔദാര്യത്തിന്റെ ആവശ്യമൊന്നുമില്ല. കിടിലൻ തുടരട്ടെ!!! "

തുടർച്ചയ്ക്കും നിലനിൽപ്പിനും സഹായിക്കുന്ന കാര്യങ്ങളാണ് ഏറ്റവും പ്രധാനമായും ചെയ്യേണ്ടതെന്ന് ആരാണിവരെയൊന്ന് മനസ്സിലാക്കിക്കുക.

15.10.2022

## 23 നാളെ ... നാളെയല്ല, ഇന്ന് ഇന്നാണ്

അനേകായിരങ്ങളെ തന്റെ ജീവിതം കൊണ്ടും, മാരകമായ ക്യാൻസറിനെ നേരിട്ട രീതികൊണ്ടും വിസ്മയിപ്പിച്ച എറണാകുളംകാരി പെൺകുട്ടി അജ്നയുടെ ജീവിതമിനി ഇംഗ്ലീഷിലും വായിക്കാം. കോട്ടപ്പുറം രൂപതയുടെ മെത്രാൻ ഡോ. ജോസഫ് കാരിക്കാശ്ശേരി പിതാവ് ഇന്ന് അഞ്ച് മണിക്ക് കേരള മെത്രാൻ സമിതിയുടെ ആസ്ഥാനമായ P.O.C. യിൽ പുസ്തകം പ്രകാശനം ചെയ്യും. വരുന്നോ പാലാരിവട്ടം P.O.C. യിലേക്ക്?. അഞ്ചു മണിക്കു മുൻപ് എത്തിക്കൊള്ളൂ.

## 24 കാരിത്താസ് ഇൻ വേരിത്താസ് ലീഡർഷിപ്പ് അവാർഡ്

ആഗോള തലത്തിൽ പ്രശസ്തരായ ഏഴു പേരിലൊരാളായി ജീസസ് യൂത്ത് ഇന്റർനാഷണൽ ഫോർമേഷൻ ഡയറക്ടർ മനോജ് സണ്ണിക്ക് അന്താരാഷ്ട്ര അവാർഡ്. അമേരിക്കയിലെ അരിസോണയിൽ ഇന്നലെ വെള്ളിയാഴ്ച ആറുമണിക്കാണ് അവാർഡ് ദാനം നടന്നത്. കാർഡിനൽ ഗെർച്ചാർഡ് മ്യൂളർ, പ്രശസ്ത എഴുത്തുകാരനും ആഗോള കരിസ്മാറ്റിക് നേതാവുമായ റാൽഫ് മാർട്ടിൻ എന്നിവരൊക്കെയാണ് ഏഴു പേരുടെ പട്ടികയിലുള്ളത്. അവാർഡിനെക്കുറിച്ചുള്ള ഫേസ്ബുക്ക് പോസ്റ്റിന് താഴെയുള്ള നൂറുകണക്കിന് കമന്റുകളിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെട്ടിരിക്കുന്നത് വെൽ ഡിസേർവ്ഡ് എന്ന വാക്കുകളാണ്.

## 25 റിനോയിയുടെ വലിയ സ്വപ്നങ്ങൾ

ഏതാണ്ട് പത്തു വർഷങ്ങൾക്കു മുമ്പ് ഒരു ജീസസ് യൂത്ത് പ്രോഗ്രാമിലേയ്ക്ക് കടന്നു വരുമ്പോൾ ജീവിതം ഇങ്ങനെയൊക്കെ മാറി മറിയുമെന്ന് നെയ്യാറ്റിൻകര സ്വദേശിയായ റിനോയ് വിചാരിച്ചിട്ടേയില്ല. പിന്നീട് സംഗീത വഴികളിലായിരുന്നു യാത്ര. വോക്സ് ക്രിസ്റ്റി ബാൻഡ് ഒക്കെ അതിന്റെ ഫലമായാണുണ്ടായത്. തുടർന്ന് ലണ്ടനിൽ സംഗീത പഠനത്തിനുപോയി. ആ രംഗത്തു തന്നെ സ്റ്റാർട്ടപ്പ് തുടങ്ങി. ഈ വരുന്ന നവംബർ 26ന് എറണാകുളം ഭാരത് മാതാ കോളേജ് ഗ്രൗണ്ടിൽ വമ്പിച്ചൊരു ക്രിസ്ത്യൻ മ്യൂസിക് ഫെസ്റ്റിവൽ നടക്കാൻ പോകുന്നു. അതിനുശേഷം ബാംഗ്ലൂർ, ഡൽഹി, ദുബായ് എന്നിങ്ങനെ പ്ലാനുകൾ. ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടിയിൽ 6 ബാൻഡുകളെങ്കിലും സുവിശേഷ സംഗീതം പാടും. സംഗീത സംസ്കാരത്തെതന്നെ മാറ്റാനുള്ള പരിശ്രമമാണ്. ഈ ചെറുപ്പക്കാർക്കൊക്കെ വമ്പൻ സ്വപ്നങ്ങൾ കാണാനാവുന്നു എന്നതുതന്നെ അത്ഭുതകരം

## 26 അയർലണ്ട് ജീസസ് യൂത്തിന് പുതിയ കൗൺസിലായിട്ടുണ്ട്

പരിചയക്കാർ ആരെങ്കിലുമുണ്ടോ എന്ന് നോക്കൂ. Georgeo Hillary (Coordinator), Jesvin Jimmy (Asst. Coordinator), Shijimol Kurian, Shimy Maria Mathew, Jeo James, Aldrin Joseph, Thomas Raju, Reji Joseph, Mathew Thomas (Youth Co), Jismy and Raju (Family Co), Sijo Jose (Formation Co) Fr Sajeev Roy Thoundayil (Chaplain), ജസ്റ്റീനാ ബിനുവായിരുന്നു ഇതുവരെയും അയർലണ്ടിലെ നേതാവ്.

## 27 പാരീഷ് കോൺഫറൻസിൽ മൂന്ന് ബിഷപ്പുമാർ

മാരാരിക്കുളത്തു വെച്ച് നടന്ന പാരിഷ് കോൺഫറൻസ് 2022 മനോഹരമായി പര്യവസാനിച്ചു. 1350 യുവജനങ്ങൾ പങ്കെടുത്തു. ആലപ്പുഴ രൂപത ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ, തൃശൂർ രൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, പത്തനംതിട്ട രൂപത മെത്രാനും കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനുമായ സാമുവേൽ മാർ ഐറേനിയോസ് എന്നിവരുടെ സാന്നിധ്യം അനുഗ്രഹപ്രദമായി. 350 വീടുകളിലായാണ് പങ്കെടുത്തവർ താമസിച്ചത്. 34 ലക്ഷം രൂപയുടെ കുറവുണ്ടെന്നതൊഴിച്ചാൽ ജനറൽ കോർഡിനേറ്റർ അബി സെബാസ്റ്റ്യൻ സംതൃപ്തനാണ്.

## 28 ഹോമിയോ മരുന്നല്ല, ടീം

ഇക്കഴിഞ്ഞ ഒക്ടോബർ 9 ന് ആലുവ ആത്മദർശനിൽ നടന്ന ആദ്യ സമ്മേളനത്തിൽ 25 ഹോമിയോ ഡോക്ടർമാർ പങ്കെടുത്തു. ഇതുവരെയും മുന്നിൽ നിന്ന ഡോ. സ്മിതാ വിനോദിന് കൂട്ടായി Dr Biji Jose, Dr Simi Antony, Dr Jismi Joseph എന്നിവരെയും ചേർത്തൊരു കൊച്ചു ടീമുണ്ടാക്കിയിട്ടുണ്ട്.

## 29 ഈ പ്രാർത്ഥന ഹൃദയ സ്പർശി

ഇസ്റായേൽ എന്ന ചെറിയ രാജ്യത്ത് കുറച്ച് ജീസസ് യൂത്ത് മാത്രമേയുള്ളു. എങ്കിലും ഏറെ സജീവമായ ഒരു കെയ്റോസ് ടീമുണ്ടവിടെ. അവരുടെയീ പ്രാർത്ഥന ആരെയാണ് സ്പർശിക്കാതിരിക്കുക. സ്നേഹനാഥനായ ഈശോയെ..., ഈ കൊച്ചു കെയ്റോസ് ടീമിലേക്ക് ഞങ്ങളെ അങ്ങ് തിരഞ്ഞെടുത്തതിനെ ഓർത്തു ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്നു അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ... ജീസസ് യൂത്തിന്റെ മുഖപത്രമായ കെയ്റോസ് മാസികയിലൂടെ അനേകർക്ക് അങ്ങയെ പകർന്നു കൊടുക്കുവാനും, അങ്ങിനെ, സുവിശേഷപ്രഘോഷണയജ്ഞത്തിൽ പങ്കാളികളാകാനും അങ്ങ് ഞങ്ങളെ സഹായിക്കണമേ. ഈ മാസിക ധാരാളം മക്കളിലേക്ക് എത്തിചേരാനും, ഇതു വായിക്കുന്നവർക്കു നല്ലൊരു ദൈവാനുഭവമുണ്ടാവാനും അങ്ങ് കരുണ കാണിക്കേണമേ. അതുപോലെ, ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ ടീം അംഗങ്ങളെയും അവരുടെ എല്ലാ ഉദ്യമങ്ങളെയും അനുഗ്രഹിക്കണമേ.. ആമേൻ. ജയിസൺ തട്ടിലിനും കൂട്ടുകാർക്കും നന്ദി.

## 30 Short Talk by Dr Sindu Natarajan

The Pro-life ministry of India organized a short talk by Dr. Sindhu Nadarajan (Mission Coordinator USA and Part of the JY International Mission Team) on leading a missionary life and how and what we can be done to celebrate the month of mission. Watch the video. കോട്ടയം സ്വദേശി ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന ഡിനോ പോൾ ആണ് പ്രോലൈഫ് ഇന്ത്യയുടെ നേതാവ്.

https://tinyurl.com/Oct22JYMission

## 31 എബിനും ഡാർലിയും

തൃശൂർ കുര്യച്ചിറയിൽ ഡിസംബർ 29 മുതൽ 31 വരെ നടക്കുന്ന ജീസസ് യൂത്ത് ഫാമിലി കോൺഫറൻസിന് വിവാഹ ദിവസം തന്നെ രജിസ്റ്റർ ചെയ്ത് നവദമ്പതികൾ !! ഇടുക്കി യൂത്ത് കോർഡിനേറ്റർ എബിനും കേരള ഫോർമേഷൻ ടീമംഗം ഇരിങ്ങാലക്കുടക്കാരി ഡാർലിയുമാണ് വിവാഹം കഴിഞ്ഞയുടൻ തന്നെ രജിസ്ട്രേഷൻ നടത്തിയത്. കോൺഫ്രൻസിൽ പങ്കെടുക്കാൻ തങ്ങളും യോഗ്യത നേടിയതിന്റെ സന്തോഷം അവർ മറച്ചുവയ്ക്കുന്നില്ല!!!

## 32 ചില പ്രതികരണങ്ങൾ

ഈ നാളുകളിലെ ഷ്യ മുന്നേറ്റത്തിലെ "സുവിശേഷങ്ങൾ* അറിയിക്കുന്ന നല്ല മനസിനെ ഈശോ അനുഗ്രഹിക്കട്ടെ. എല്ലാവർക്കും ഇത് വളരെ ഉപകാരപ്രദമാണ് " **ഷിബിൻ തൃശ്ശൂർ.**

This is so cool. I love it. I love the way you write it. This brings the simplicity ... ശി 2 big way which was a unifying force for all of us. Thank you for sharing. **ആഗ്നസ് കാനഡ** . വളരെ നന്നായിട്ടുണ്ട്.

എനിക്ക് ഇത് പുതിയ വിശേഷങ്ങൾ അറിയാനുള്ള അവസരം കൂടിയാണ്... **ബിജോ ജോയി കാസർകോഡ്** . ചെറിയ വാക്കുകളിൽ പ്രോത്സാഹനം അറിയിച്ചവർ പലരുണ്ട്. കോട്ടയത്തുനിന്ന് **ജോഷി** യുടെ വിശദമായൊരു ഫോൺ കോളുമുണ്ടായിരുന്നു.

## 33 കെയ്റോസ് കിട്ടുന്നില്ല

കെയ്റോസിന്റെ സർക്കുലേഷന്റെ ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം, ഒമാനിൽ മുൻപ് കോർഡിനേറ്ററായിരുന്ന ഗുരുവായൂരുകാരൻ ആന്റോ കേട്ട പ്രധാന പരാതിയാണ് തലക്കെട്ടായി കൊടുത്തിരിക്കുന്നത്. കിട്ടുന്നില്ല എന്നു പറയുന്നവർക്കെല്ലാം രണ്ടാമതൊന്ന് ചോദിക്കാതെ മാസിക വീണ്ടും അയക്കാനായിരുന്നു ആദ്യ നടപടി. ഇപ്പോളിതാ തപാൽ മേഖലയിൽ വൈദഗ്ധ്യമുള്ള Sort it എന്ന സ്ഥാപനവുമായി വിതരണം മെച്ചപ്പെടുത്താനുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. മനോരമ, ശാലോം എന്നിവയുടെയൊക്കെ വിതരണം നടത്തുന്ന ഏജൻസിയാണ്. പണമടച്ചിട്ട് കിട്ടാത്ത ആരെങ്കിലുമുണ്ടെങ്കിൽ വിളിക്കാനായി നമ്പർ സഹിതം പോസ്റ്ററും പുറത്തിറക്കിയിരിക്കുന്നു. പുതിയ സബ്സ്ക്രിപ്ഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തുടങ്ങിയതിന് പുറമെയാണിത്. ഇനിയാർക്കും പരാതി ഉണ്ടാവാതിരിക്കാനാണ് പരിശ്രമം. ഇടനിലക്കാരില്ലാതെ പണമടയ്ക്കാനുള്ള സംവിധാനവുമുണ്ട്.

## 34 സുഹൃത്ത് അതിയായ രോഷത്തിലാണ്

"ഏതാണ്ട് 50 - 55 പേർ മാത്രം പങ്കെടുത്ത രണ്ട് ദിവസത്തെ സമ്മേളനം. ശബ്ദസംവിധാനങ്ങൾ ഒരു ബാൻഡിനു വേണ്ടത്രയുണ്ടായിരുന്നു. ചിലവ് 85,000 രൂപ. ഒരു ക്യാമ്പസ് പ്രോഗ്രാമിന്റെ ചർച്ചകൾ നടക്കുന്നു. എത്രപേർ പങ്കെടുക്കുമെന്നോ, പ്രോഗ്രാം എന്തായിരിക്കണമെന്നോ തീരുമാനമായിട്ടില്ല. ഗോസ്പൽ ബാൻഡ് ബുക്ക് ചെയ്തു. ബാൻഡിന്റെ ക്രമീകരണങ്ങൾക്കെല്ലാമായി രണ്ട് ലക്ഷമെങ്കിലും വേണ്ടി വരും. പങ്കെടുക്കുന്നവർ 100 -150ൽ കൂടാനിടയില്ലത്രേ". ചെറിയ പ്രോഗ്രാമുകൾക്ക് പോലും LED വാൾ ഒക്കെ അത്യാവശ്യമാണത്രേ. അരുത്, വേണ്ട, ഇത് അനാവശ്യമാണ് എന്നൊക്കെ പറയാനാവുന്നവരുടെ വല്ലാത്ത കുറവുണ്ടെന്നതാണ് സുഹൃത്തിനെ ഏറെ വിഷമിപ്പിക്കുന്നത്. ഏറ്റവും നല്ലത്, ഏറ്റവും മനോഹരമായി ദൈവത്തിന് കൊടുക്കണ്ടേ എന്നാണ് മറുചോദ്യം. പണച്ചിലവ് കുറച്ച് ക്രിയാത്മകത കൊണ്ടുവരാനാവില്ലേ? തിരുത്തലുകൾക്കായി ആരാണ് മുന്നിട്ടിറങ്ങുക.

---

## 35 രണ്ട് ബിഷപ്പുമാർ

കഴിഞ്ഞ മാസങ്ങളിലായി കെയ്റോസ് ഗ്ലോബലിൽ ലേഖനങ്ങൾ എഴുതുന്നതുമായി ബന്ധപ്പെട്ട് രണ്ട് ബിഷപ്പുമാരെ ഫോൺ വിളിക്കാനിടയായി. ഷംഷാബാദ് രൂപതയുടെ മെത്രാനായ റാഫേൽ തട്ടിൽ പിതാവിനെ വിളിച്ചപ്പോൾ മറ്റൊരു കോളിൽ ആയിരുന്നു. കട്ട് ചെയ്ത് വീണ്ടും വിളിക്കാനാവുന്നതിനു മുൻപുതന്നെ പിതാവിന്റെ വിളി വന്നു. സീറോ മലബാർ കൂരിയ ബിഷപ്പായ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് വിദേശത്തായിരുന്നപ്പോളാണ് വാട്സാപ്പിൽ സംസാരിക്കാനായി സമയം തീരുമാനിച്ചത്. ഞാൻ പക്ഷേ അത് മറന്നുപോയി. പിതാവ് എത്തി കാത്തിരുന്നത് മിച്ചം. വീണ്ടും വിളിച്ചപ്പോൾ ബുദ്ധിമുട്ടൊന്നുമില്ലാതെ മറ്റൊരു സമയം തന്നു. അനുകരിക്കേണ്ട ചില മാതൃകകളാണിവ എന്ന് തീർച്ച.

---

## 36 ജീസസ് യൂത്ത് പ്രചോദനമായ വൈദികർ

ജീസസ് യൂത്തിൽ സജീവമായിരുന്ന അനേകർ വൈദിക ജീവിതത്തിലേയ്ക്ക് കടന്നു വരുന്നുണ്ട്. അത്തരത്തിലുള്ള നൂറു കണക്കിനുപേർ കഴിഞ്ഞ നാളുകളിൽ വൈദികരായിട്ടുണ്ടാവും എന്നാണ് പറയപ്പെടുന്നത്. വരുന്ന ഡിസംബറിലെ കെയ്റോസ് ഗ്ലോബൽ അവരുടെ പ്രചോദനത്തിന്റെ കാരണം തേടാൻ ശ്രമിക്കുകയാണ്. പക്ഷേ അങ്ങനെയുള്ളവരുടെ ഒരു ലിസ്റ്റ് ലഭ്യമല്ല എന്നതൊരു വെല്ലുവിളിയാണ്. കഴിയുന്നത്ര പേരുടെ പക്കൽനിന്ന് 50 -80 വാക്കുകളുടെ ചെറു കുറിപ്പുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇവിടെ കൊടുത്തിരിക്കുന്ന ഗൂഗിൾ ഫോം തയ്യാറാക്കിയിരിക്കുന്നത്. നിങ്ങൾക്കറിയാവുന്ന സെമിനാരി/വൈദികരുടെ പക്കൽ വിവരമെത്തിക്കണേ. ഒക്ടോബർ 25നകം വിവരങ്ങൾ കിട്ടേണ്ടതുണ്ട്.

https://docs.google.com/forms/d/e/1FAIpQLSeBnIbOzZcDwlunGje4UiARPP1CKxz9StP5640cihsKOyeHMw/viewform?vc=0&c=0&w=1&flr=0

---

## 37 ആരോഗ്യ വിദഗ്ധൻ

കേരളത്തിലെ ഏതാണ്ടെല്ലാ പത്ര/മാസികകളിലും ആരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഏറ്റവും കൂടുതൽ ലേഖനങ്ങളുടെ കൂടെ കാണപ്പെടുന്ന ഒരു പേരായിരിക്കുന്നു കുവൈറ്റിൽ നേഴ്സ് ആയി ജോലി ചെയ്യുന്ന യുവജന പ്രവർത്തകൻ ജോബി ബേബിയുടേത്. കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മനോഹരമായ ഭാഷയിലാണ് ജോബിയുടെ എഴുത്തുകൾ. ആരോഗ്യവുമായി ബന്ധപ്പെട്ടതല്ലാത്ത നിരവധി ലേഖനങ്ങൾ ജോബി കെയ്റോസിലുമെഴുതിയിട്ടുണ്ട്. ഭാര്യ റീനയും നേഴ്സാണ്. നേഴ്സ് ദമ്പതികൾക്ക് ഒരു കുട്ടിയുമുണ്ട്.

---

## 38 ഡോ. ജോ ജോസഫിന്റെ അനുഭവം

കോട്ടയം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കാലത്ത്, ജീസസ് യൂത്തിൽ സജീവമായിരുന്നു, തൃക്കാക്കര ഇലക്ഷനിൽ സ്ഥാനാർത്ഥിയായിരുന്ന ഡോ. ജോ ജോസഫ്. മറക്കാൻ ശ്രമിക്കുന്ന ആദ്യത്തെ വിമാനയാത്ര എന്ന തലക്കെട്ടിൽ അദ്ദേഹത്തിന്റെ ഹൃദയ സ്പർശിയായ ഒരു അനുഭവ വിവരണം ഒക്ടോബർ മലയാളം കെയ്റോസിലുണ്ട്.

## 39 പാലായിലൊരു യൂത്ത് റിട്രീറ്റ്

ധ്യാനം കൂടാൻ താല്പര്യം കാണിക്കുന്ന ചെറുപ്പക്കാരെ എവിടെ പറഞ്ഞു വിടും എന്നതൊരു പ്രശ്നമാണ്. ദീപാവലി ദിനങ്ങളിൽ പലായിലെ സെന്റ്. തോമസ് കോളജിൽവച്ച് യൂത്ത് റിട്രീറ്റുണ്ട്, ഒക്ടോബർ 21 -24 തീയ്യതികളിൽ. വേരിത്താസ് എന്ന് പേര്. കൂടുതലറിയാൻ വിളിക്കാം 8590588042

## 40 അൻപ് ഇല്ലത്തിലെ രാജേഷച്ചൻ

തമിഴ്നാട്ടിലെ ശിവകാശിക്കടുത്താണ് സ്നേഹത്തറവാട് എന്നൊക്കെ പേര് വിളിക്കാവുന്ന, മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുമായി എം.സി.ബി.എസ്. സഭക്കാരനായ രാജേഷ് അച്ചനിപ്പോൾ. ചങ്ങനാശ്ശേരിക്കാരനായ രാജേഷ് എന്ന ഒറ്റപ്പുത്രനായ ചെറുപ്പക്കാരൻ പാരീഷ് ഔട്ട്റീച്ച് കാര്യങ്ങളിൽ പ്രവർത്തന നിരതനായപ്പോളാണ് വൈദിക ജീവിതത്തിലേയ്ക്കുള്ള തന്റെ വിളി തിരിച്ചറിയുന്നത്. ഒത്തുതീർപ്പുകൾ പരിചയമില്ലാത്ത രാജേഷ് അച്ചൻ, ആത്മാവും മനസ്സും ശരീരവും, നൂറ്റൊന്നു ശതമാനം ദൈവത്തിനും പാവപ്പെട്ടവർക്കുമായി സമർപ്പിച്ചുകൊണ്ട്, ശിവകാശിയിലെ തെരുവിലുണ്ട്.

## 41 ഹോളി ഹാബിറ്റ്സ്

പിശാചിന്റെയും ഭീകര രൂപികളുടെയും വേഷങ്ങളൊക്കെ ധരിച്ച് നടത്തുന്ന ഹാലോവീൻ ആഘോഷങ്ങളൊക്കെ പല രാജ്യങ്ങളിലും വല്ലാത്തൊരു ദുരന്തമായി മാറിയിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് നമ്മുടെ കുട്ടികൾക്ക് സകല വിശുദ്ധരുടെയും തിരുന്നാൾ ദിനത്തോടനുബന്ധിച്ച് വിശുദ്ധരുടെ വേഷങ്ങൾ ധരിച്ച് ആഘോഷിക്കാനുള്ള അവസരം കെയ്റോസ് ബഡ്സ് മാസിക ഒരുക്കിയിരിക്കുന്നത്. വേഷം ധരിക്കുക, ഫോട്ടോ/വീഡിയോ എടുക്കുക, പോസ്റ്റ് ചെയ്യുക എന്നിങ്ങനെ ലഘുവായ മൂന്ന് കാര്യങ്ങളാണ് ചെയ്യേണ്ടത്. നിങ്ങളുടെ പരിചയത്തിലുള്ള കുട്ടികളെയും അവരുടെ മാതാപിതാക്കളെയും അറിയിക്കാൻ മടിക്കേണ്ട. 30 സെക്കന്റിന്റെ ഒരു വീഡിയോ ഉണ്ട്, ഷയർ ചെയ്യാനും സ്റ്റാറ്റസ് ആക്കാനും.

https://fb.watch/g7jJfE3cR6/

## 42 ഡയറി വേണോ, വർക്ക് ബുക്ക് വേണോ?

കെയ്റോസ് ബഡ്സ് മാഗസിന്റെ പ്രത്യേകത ഓരോ മാസവും കുട്ടികൾക്കായി ഏറെ ആകർഷകമായ നിരവധി ആക്ടിവിറ്റുകളോടെയാണത് എത്തുന്നത് എന്നതാണ്. ഒരിക്കൽ മാസിക പരിചയപ്പെടുന്ന കുട്ടികൾ ഏറെ താല്പര്യത്തോടെയാണ് അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നത്. എങ്കിൽ ഇത്തരം ആക്ടിവിറ്റികൾ ഒന്നിച്ചു ചേർത്തുള്ള വലിയൊരു ആക്ടിവിറ്റി ബുക്ക് കുട്ടികൾക്കായി തയ്യാറാക്കുക എന്നൊരു ചിന്തയുണ്ട്. അതോടൊപ്പം കഴിഞ്ഞ വർഷങ്ങളിൽ ഡിസംബറിൽ പുറത്തിറക്കിയിരുന്ന പല വിദേശരാജ്യങ്ങളിൽ പോലും ഏറെ താല്പര്യമുണർത്തിയ കെയ്റോസ് ബഡ്സ് ഡയറിയുമുണ്ട്. രണ്ടും കൂടി പുറത്തിറക്കണമെങ്കിൽ ഡിസൈനിങ്ങിനും അച്ചടിക്കുമായി ലക്ഷങ്ങൾ വേണം. പിന്തുണ നൽകാൻ ആരുടെ ഹൃദയങ്ങളെയാണ് ദൈവം പ്രചോദിപ്പിക്കുന്നതെന്നറിയാൻ കാത്തിരിക്കുകയാണ് കെയ്റോസ് പ്രവർത്തകർ.

22.10.2022

## 43 ഫുൾ ടൈം കമ്മിറ്റ് മെന്റിന്റെ സിൽവർ ജൂബിലിയിൽ ലീഡർഷിപ്പ് അവാർഡ്

ജീസസ് യൂത്ത് ടീമുകൾ കേരളത്തിൽ മാത്രമുണ്ടായിരുന്ന 1996 ലാണ് മനോജ് സണ്ണി കേരള കോർഡിനേറ്ററാവുന്നത്. പിന്നീട് ഇന്ത്യയിൽ ആദ്യത്തെ നാഷണൽ ടീം രൂപികരിച്ചപ്പോൾ അതിന്റെയും, തുടർന്ന് 2002 ൽ ഇന്റർനാഷണൽ ടീം രൂപീകൃതമായപ്പോൾ അതിന്റെയും കോർഡിനേറ്ററായിരുന്നു. പ്രശസ്ത സുവിശേഷ പ്രാസംഗികൻ ഫ്രിറ്റ്സ് മസ്കാരാനാസ് ആണ് മുഴുവൻ സമയ മിഷണറിയാകാൻ പ്രചോദിപ്പിച്ചത്. 1994 ൽ മനോജ് എഴുതിയ ഒരു ലേഖനത്തിന്റെ, 'ഏറ്റവും നല്ലത്, ഏറ്റവും മനോഹരമായി ദൈവത്തിന്' എന്ന തലക്കെട്ടു തന്നെയാണ് മനോജിനെ ജീവിതത്തിൽ നയിച്ചു കൊണ്ടേയിരിക്കുന്നത്. അടുത്തയിടെ ലഭിച്ച അവാർഡിന്റെ പശ്ചാത്തലത്തിൽ മനോജ് സണ്ണിയുടെ ചെറുകുറിപ്പ് വായിക്കൂ.

"It was truly a moment of honour, and a humbling experience for me to receive this award along with such eminent people like His Eminence Gerhord Cardinal Mueller (Prefect Emeritus-Congregation Doctrine of Faith, Vatican), Dr Ralph Martin (one of the pioneering leaders of Charismatic Renewal, World renowned author and speaker) and others.

My journey with the Lord that has brought me to this moment began with a life-changing personal Jesus encounter 35 years back. From that time, I've experienced his love and protection every day of my life. And I've seen God move in surprising ways as he fulfills his purposes. I was selected for this award in 2020 - but couldn't come here to receive it because of the pandemic. Now as I stand here 2 years later, I'm surprised yet again by God's perfect timing. For this is the silver Jubilee year of the fulltime commitment I took in 1997, when I decided to abandon a fulltime career to be more available to serve the Lord. I believe it was His will that I receive the award this year!

I request all your valuable prayers for me so that I may always be faithful to the call I received from the Lord and continue to give the very best of myself for His Kingdom.

**Thank you.**

## 44 നോർത്തീസ്റ്റിന് പോയാലോ

നാഗാലാൻഡിലെ ദീമാപ്പൂരിൽ ഡിസംബർ 27 -30 തീയ്യതികളിൽ ജീസസ് യൂത്ത് കോൺഫ്രൻസ് നടക്കുന്നു. പട്രീഷാ പമേയ് ആണ് ജനറൽ കോർഡിനേറ്റർ. റൂട്ടഡ് (Rooted) എന്നാണ് പേര്. Coming Together in One Accord എന്ന ചിന്തയിൽ കേന്ദ്രീകരിച്ചാണ് പ്രോഗ്രാം ക്രമീകരിക്കുന്നത്.

## 45 ഉരുളിയാനിക്കലച്ചന് 70 വയസ്സിന്റെ ചെറുപ്പം

റെക്സ്ബാൻഡിനൊപ്പമുള്ള അച്ചന്റെ സംഗീത യാത്ര തുടങ്ങിയിട്ട് 32 വർഷങ്ങളായിരിക്കുന്നു. എത്രയെത്ര മനോഹര ഗാനങ്ങളാണ് അച്ചനിലൂടെ മലയാളി ക്രൈസ്തവർക്ക് ലഭിച്ചിരിക്കുന്നത്. അച്ചനെക്കുറിച്ച് മനോജ് സണ്ണി ഫേസ്ബുക്കിലെഴുതിയ ചെറുകുറിപ്പ്.

Happy 70th Birthday dear Fr Antony Urulianickal Cmi. Thank you for being a part of our life for the last 32 years.. Thank you for your silent accompaniment, gentle corrections and encouragement.. all of us in the RexBand are indebted to you for what we are today. Praying specially for His choicest blessings..

## 46 നാഷണൽ ലീഡേഴ്സ്/ആനിമേറ്റേഴ്സ് പഠന പരിപാടികൾ

ജീസസ് യൂത്ത് ലീഡേഴ്സിനായുള്ള ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള രണ്ട് പഠന പ്രോഗ്രാമുകൾ ഇന്നലെ ഛത്തീസ്ഗഡിലെ റായ്പൂരിൽ ആരംഭിച്ചു. ആനിമേറ്റഴ്സിനായുളള പ്രോഗ്രാം തിങ്കളാഴ്ച ആരംഭിക്കും. ഹിന്ദി പ്രദേശത്ത് കൂടുതൽ ശക്തമായ നേതൃത്വം വളരണമെന്നാണ് നാഷണൽ കൗൺസിലിന്റെ ആഗ്രഹം.

## 47 നവംബറിൽ ഇവർക്കായി പ്രാർത്ഥിക്കാം

ജീസസ് യൂത്തിൽ സജീവമായിരുന്നവരിൽ മരണമടഞ്ഞ 60 പേരെക്കുറിച്ചുള്ള വിവരങ്ങളാണ് ഇതുവരെ ലഭിച്ചിരിക്കുന്നത് (5 പേരുടെ മരണ ദിവസം ലഭിച്ചിട്ടില്ല. സപ്ന ജോജു, തോമസ് വലിയറ, റോബർട്ട് ത്രിശ്ശൂർ, ഫാ.സിപ്രിയൻ, ജിജോ കോഴിക്കാട് എണിവരാണവർ). അബുദാബി1, കോഴിക്കോട്9, കാനഡ1, ചങ്ങനാശ്ശേരി4, ചേർത്തല 1, ഡൽഹി 2, എറണാകുളം 8, ഗുണ്ടൂർ 1, ഹൈദ്രാബാദ് 1, ഇരിങ്ങാലക്കുട 1, കാഞ്ഞിരപ്പള്ളി 3, കണ്ണൂർ1, കാസർകോഡ് 3, കോതമംഗലം 3, കോട്ടയം 4, മംഗലാപുരം 3, നാഗാലാൻസ് 1, നാഗ്പൂർ 1, പാലാ 2, ശ്രീലങ്ക 1, തലശ്ശേരി 5, ത്രിശ്ശൂർ 2, ന്യൂസിലാൻഡ് 1 എന്നീ സ്ഥലങ്ങളിൽ നിന്നാണവർ.
ജനുവരി 5 ഫെബ്രുവരി 2, മാർച്ച് 7, ഏപ്രിൽ 6, മെയ് 13, ജൂൺ 4, ജൂലൈ 3, ഓഗസ്റ്റ് 2 , സെപ്റ്റംബർ 1, ഒക്ടോബർ 5, നവംബർ 4, ഡിസംബർ 3 എന്നിങ്ങനെ മാസക്കണക്ക്. ഈ ലിസ്റ്റും പൂർണമല്ല. എറണാകുളത്തെ ഷെറിയുടെ, അഹമ്മദ്ബാദിലെ തോമസുകുട്ടി, സ്മിത ഉൾപ്പെടെയുള്ളവരുടെ വിവരങ്ങളിതിലില്ല.

നവംബറിൽ മരണ ദിവസം ഉള്ളവരിവരാണ്. ജാക്വിലിൻ ബിജു ന്യൂസിലാൻഡ് (16 -11), സിബിച്ചൻ ചങ്ങനാശ്ശേരി (19 -11), ജോണി റിച്ചാർഡ് എറണാകുളം (19 -11) ഡോ. അരുൺ സൈമൺ കോഴിക്കോട് (21 -11).

നവംബർ മാസത്തിൽ എല്ലാ സോണുകളിലും മരിച്ചവരെ പ്രത്യേകമായി അനുസ്മരിക്കുന്ന ദിവ്യബലിയും ഓർമദിനവും സംഘടിപ്പിക്കുന്നത് നന്നാവും എന്നൊരു നിർദേശമുണ്ട്. കാഞ്ഞിരപ്പള്ളിയിൽ 2021ൽ അത്തരത്തിലുള്ള മാതൃകാപരമായൊരു കൂട്ടായ്മ നടന്നിരുന്നു.

## 48 നന്ദി, വായിച്ചതിന്, അഭിപ്രായങ്ങൾ അറിയിക്കുന്നതിന്

ഈ കുറിപ്പുകൾ ധാരാളം പേർ വായിക്കുന്നു, ചിലരൊക്കെ തങ്ങളുടെ പ്രദേശത്തുള്ള ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുന്നു എന്നറിയുന്നതിൽ സന്തോഷം. തംസപ്പായും, ഒറ്റവാക്കിലും സന്തോഷമറിയിച്ചവർ പലരുണ്ട്. വായന എളുപ്പമാക്കാൻ ഇത്തവണ കുറിപ്പുകൾക്ക് നമ്പറിട്ടിട്ടുണ്ട്. നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾ എനിക്കൊന്ന് ഫോർവേർഡ് ചെയ്യുമെങ്കിൽ ദുബായിയിൽ നിന്ന് സന്തോഷ് മാത്യൂ നിർദ്ദേശിച്ചതു പോലെ കൂടുതൽ അന്താരാഷ്ട്ര കാര്യങ്ങൾ ഉൾപ്പെടുത്താനാവും. "Jesus youth progam കഴിഞ്ഞു ഇറങ്ങുന്ന ഒരു feel വായിക്കുമ്പോൾ കിട്ടുന്നുണ്ട്" സുജ സിജു.

"Thanks... Can't stop reading it fully... Simple yet very informative and lively... Thanks for the efforts" - ബിറ്റാജു അച്ചൻ

"Good - short & sweet" പ്രജോമി. എല്ലായിടത്തെയും വിവരങ്ങൾ കിട്ടുന്നതിനാൽ വളരെ ഉപകാരപ്രദമെന്ന് കാനഡയിൽ നിന്ന് സുമ ബെൻസെന്റ വോയിസ് മെസേജ്.

മുൻപൊരാഴ്ചയിൽ OCD ക്കാരനായ ജിം അച്ചനെ കപ്പുച്ചിൻ ആക്കിയോ എന്ന് അലക്സി പള്ളന് സംശയം.

## 49 ലിറ്റർജി ഓഫ് ലവ്

സെപ്റ്റംബറിലെ കെയ്റോസ് ഗ്ലോബലിന്റെ കവർ സ്റ്റോറി വിശുദ്ധ കുർബാനയിൽ ഫല പ്രദമായി പങ്കുചേരുന്നതിനെക്കുറിച്ചായിരുന്നു. മാസിക വായിച്ചതിനു ശേഷമുള്ള രണ്ട് പ്രതികരണങ്ങൾ.

"Got this and it is such a wonderful issue ... opened my eyes on holy mass. These days I was really praying to God to give me more knowledge about Eucharist ... and then I got this book ... Thank you to the team... Glory to God" -

Response from a girl from Mumbai

"What a wonderful issue man! Holy mass is explained in detail"

Fr. Upendra B. Jnana Deepa, Institute of Philosophy and Theology, Pune.

## 50 ഗോവയ്ക്ക് പോകാം

ഇന്റർ സെഷൻ ടീമിനോടൊപ്പമാണ് ഗോവാ യാത്ര. നവംബർ 18 രാത്രി 8 മണിക്ക് എറണാകുളത്തു നിന്ന് പുറപ്പെട്ട് ഗോവയിലെ ബോം ബസലിക്കയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ച് നവംബർ രാവിലെ തിരിച്ചെത്താം. 3500 രൂപ കരുതിക്കൊള്ളുക. Monday Morning 8 മണിക്ക് തിരിച്ചെത്തും. 7025377045 കൂടുതലറിയാൻ ധൈര്യമായി വിളിച്ചോളൂ. Go Goa എന്ന പേര് പറഞ്ഞാൽ മതി.

## 51 Jesus Youth Europe Leaders conference

October 21 - 23 തീയ്യതികളിൽ ലോകപ്രശസ്തമായ പോർച്ചുഗലിലെ ഫാത്തിമയിലാണ് സമ്മേളനം. യൂറോപ്പിലെ 12രാജ്യങ്ങളിൽ നിന്ന് രജിസ്ട്രേഷനായിട്ടുണ്ട്. മറിയം എലിസബത്തിനെ സഹായിക്കാനായി തിടുക്കത്തിൽ പോയി എന്ന ചിന്തയുടെ പശ്ചാത്തലത്തിൽ Rise & Go എന്നതാണ് പഠന വിഷയം. നല്ല രസകരമായി അനുഭവ വിവരണങ്ങളെഴുതുന്ന എറണാകുളംകാരൻ അലക്സി ജേക്കബാണ് യൂറോപ്പ് ടീമിന്റെ നേതാവ്.

## 52 സെബിയുടെ ഓർമ

കാനഡയിൽ സജീവമായിരുന്ന ത്രിശ്ശൂർകാരൻ സെബിയുടെ രണ്ടാം ചരമ വാർഷികദിനത്തിൽ അവിടുത്തെ സുഹൃത്തുക്കൾ എഴുതിയത്. 2nd Death Anniversary - Seby Joseph - 04.09.1984 - 17.10.2020 'പൂമുഖത്തെ ചാരുകസേരയിലൊ, കാൽപന്തുകളിയുടെ മൈതാനത്തൊ, ഇടവക ദേവാലയത്തിലെ മുൻനിരയിലൊ, പ്രാർത്ഥന കൂട്ടായ്മകളിലൊ, ആനുകാലിക വിഷയങ്ങളിലുള്ള പങ്കുവെയ്ക്കലുകളിലൊ, സ്ഥിര സാന്നിദ്ധ്യമായിരുന്ന പ്രിയ ചങ്ങാതി... ഈ ചെറു നഗരത്തിലെ നിലയ്ക്കാത്ത ജനപ്രവാഹത്തിനും മായ്ക്കാനാകാതെ നിന്റെ ഓർമ്മകൾ അനേകരിൽ നിലനിൽക്കുന്നു...'

## 53 ജോളി ജേക്കബ്ബിന്റെ പ്രതികരണം

ജോളിയെ എനിക്ക് പരിചയമില്ല. പക്ഷേ തന്റെ ബോദ്ധ്യങ്ങൾ ചുരുങ്ങിയ വാക്കുകളിലാണെങ്കിലും ശക്തമായി അവതരിപ്പിക്കാൻ കാട്ടിയ ധൈര്യം അഭിനന്ദിക്കപ്പെടണം. 'ഇന്നലെ ഞാൻ ഒരു മലയാളം, (ഹിന്ദിയിലുമുണ്ട്), സിനിമ OTT യിൽ കണ്ടു. അതിൽ, പാൽതു ജാൻവറിൽ ക്രിസ്തീയ പുരോഹിതനായി വേഷം കെട്ടിയ വ്യക്തി കൂദാശകൾക്ക് മാത്രം ഉപയോഗിക്കുന്ന ഊറാല കൊടുത്തു കൊണ്ട് ഒരു പശുകിടാവിന്റെ പ്രസവം എടുപ്പിക്കുന്നു. സഭയുടെ നെഞ്ചത്ത്, പുരോഹിതരുടെ നെഞ്ചത്ത്, പള്ളികൾക്കുള്ളിൽ ആവിഷ്കാര സ്വാതന്ത്ര്യം എന്ന പേരിൽ കയറി വരുന്നവരോട് ആരും ഒന്നും പ്രതികരിക്കാത്തത് എന്തു കൊണ്ട്. ഇനി എന്തൊക്കെ കാണണം... കരുണയുണ്ടാകണമേ ഈശോയെ നിന്റെ മക്കളുടെ മേൽ...'

## 54 നിഷ്കപടനായ ഒരു ജീസസ് യൂത്ത്

18 -ാം തീയ്യതി ചൊവ്വാഴ്ച ത്രിശ്ശൂരിൽ നിര്യാതനായ തോമസേട്ടൻ (CK Thomas) അർത്താട്ട് ഇടവകക്കാരനാണ്. തിങ്കളാഴ്ചയും സ്റ്റഡി ഗ്രൂപ്പിൽ പങ്കെടുത്തിരുന്ന അദ്ദേഹം ഹൃദയസ്തംഭനം മൂലമാണ് മരിച്ചത്. മൃതസംസ്കാരം ബുധനാഴ്ച നാലരയ്ക്ക് നടന്നു. അഞ്ചു മക്കളാണ്, (എബൽ, എയ്ഞ്ചൽ, ഏഗൽ, ഏഗ്നസ്, ഏയ്ഞ്ചല) ഇളയ കുട്ടിക്ക് മൂന്നു വയസ്സ്. ഭാര്യ നാൻസി ഹൗസ് വൈഫ്. ത്രിശ്ശൂർ സോൺ ഛത്തിസ്ഗഡിലേയ്ക്ക് നടത്തിയിരുന്ന മിഷൻ യാത്രകളിലെ സജീവ സാന്നിധ്യമായിരുന്നു.
കെയ്റോസിന്റെ സർക്കുലേഷൻ കോർഡിനേറ്റർ ആന്റോയുടെ വാക്കുകൾ 'ഓരോ ഇടവകയിലും കെയ്റോസ് പ്രോമോട്ടർ എന്ന ആശയം സർക്കുലേഷൻ ടീമിൽ രൂപപ്പെട്ടപ്പോൾ ആദ്യമായി approach ചെയ്യാൻ തോന്നിയത് തോമസേട്ടനെയാണ്. മുൻപ് കുറേ പേർക്ക് subscription എടുത്ത്കൊടുത്തിട്ട് പിന്നെ കിട്ടിയില്ലെന്ന പരാതിയൊക്കെ പറഞ്ഞെങ്കിലും അടുത്ത മാസം മുതൽ 7 മലയാളവും 3 ബഡ്സും പലർക്കുമായി വിതരണം ചെയ്ത് പരിശ്രമങ്ങൾക്ക് ഒരു ഊർജം തന്നു. കഴിഞ്ഞ ഒന്ന് രണ്ടു ആഴ്ചകളിൽ സബ്സോണിലെ പല വീടുകളിലും എന്നെയും കൂടെ കൊണ്ടുപോയി മണിക്കൂറുകൾ സംസാരിച്ച് കെയ്റോസ് വിതരണത്തിന് സാഹചര്യമൊരുക്കി. ഇന്നിതാ വൈകുന്നേരം സഹിക്കാൻ പറ്റാത്ത, കേൾക്കാൻ ഇഷ്ടപ്പെടാത്ത ആ വാർത്ത! ഒരു യഥാർത്ഥ 'നിഷ്കപടനായ ജീസസ്സ് യൂത്ത്'. നല്ല ഓർമ്മകൾ, ശീലങ്ങൾ, ശൈലികൾ ഒരുപാട് ആളുകൾക്ക് കൈമാറി തന്റെ ഓട്ടം മനോഹരമായി പൂർത്തിയാക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, നീതിയുടെ കിരീടം ചേട്ടനെ അണിയിക്കുമാറാകട്ടെ'

## 55 ഞാൻ വീണ്ടും വായിച്ചു

ഒരിക്കൽ വായിച്ച പുസ്തകത്തിന്റെ വിവർത്തനം ഞാൻ സാധാരണയായി വായിക്കാറില്ല. പക്ഷേ, ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി എന്ന അജ്നയുടെ ജീവിതവും ധീരോചിതവുമായ സഹനവും പറയുന്ന പുസ്തകത്തിന്റെ **Nightingale of the Holy Eucharist** എന്ന പുസ്തകം ഞാൻ വായിച്ചു. വിവർത്തനമെന്ന് തോന്നിക്കുക പോലുമില്ലാത്ത മനോഹരമായ എഴുത്ത്. ടാനിയ റോസ് ജോസുൻ ഒരു പ്രാർത്ഥനയുടെ പവിത്രതയോടെയാണീ വിവർത്തന കർമ്മം നടത്തിയതെന്ന് മനസ്സിലായി. ഈ പുസ്തകം അനകായിരങ്ങളുടെ ജീവിതത്തെ സ്പർശിക്കുമെന്ന് തീർച്ച. കോപ്പികൾ **www.cloudcatholic.com** ൽ ലഭ്യമാണ്.

## 56 Unbound Seminar

അനേകരുടെ ജീവിതങ്ങളിൽ, സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ഇട നൽകിയ Unbound സെമിനാറുകൾ കേരളത്തിൽ കടുത്തുരുത്തിയിൽ SVD ധ്യാന കേന്ദ്രത്തിലും (നവംബർ 56) തിരുവനന്തപുരത്തും ഒക്ടോബർ (28 -29) തീയതികളിൽ നടക്കുന്നു. കേരള ചാപ്ലിൻ ഷോജിയച്ചനാണ് തിരുവനന്തപുരത്തെ കോൺടാക്ട്. ബന്ധിതർക്ക് മോചനം എന്ന പേരിൽ മലയാള പരിഭാഷയുള്ള Unbound എന്ന ഇംഗ്ലീഷ് പേരിലുള്ള പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന തത്വങ്ങളുടെ അടിസ്ഥാനത്തിലാണീ സെമിനാറുകൾ. പുസ്തകം ലഭിക്കാൻ കാതോലിക്കൻസിനെ വിളിക്കാം 9946801153

## 57 നേഴ്സ് സ്വപ്നങ്ങൾ

അനന്തമായ സുവിശേഷവത്ക്കരണ സാധ്യതയുള്ള ഒരു തൊഴിൽ മേഖലയാണ് നേഴ്സുമാരുടേത്. ലോകമെമ്പാടും ഇന്ത്യയിൽ നിന്നുള്ള നേഴ്സുമാർ ഏറെ സ്വീകാര്യരുമാണ്. മുൻപ് ഏറെ സജീവമായിരുന്ന നേഴ്സസ് മിനിസ്ട്രി നഷ്ടപ്രതാപത്തിലേക്ക് തിരികെ വരുന്നതിന്റെ ലക്ഷണങ്ങൾ കാണാനുണ്ട്. 2022 നവംബർ 12 -ാം തീയതി മിനിസ്ട്രി പ്രതിനിധികളുടെ ഒരു ഒത്തുചേരലാണ് നടക്കുന്നത്. 2016 -20 കാലത്ത് മുൻനിരയിലുണ്ടായിരുന്ന സന്തോഷ് ഒരു പരിശ്രമത്തിനു കൂടി തയ്യാറെടുക്കുകയാണ്.

## 58 ജസ്റ്റിൻ യാത്ര തുടങ്ങുകയാണ്

കർണാടകത്തിലെ കൂർഗിൽ ഒരു കോളേജിന്റെ പ്രിൻസിപ്പലായിരുന്നു മുൻ ഫുൾടൈം വോളന്റിയർ കൂടിയായ ജസ്റ്റിൻ. മുൻപ് ടീൻസ് മിനിസ്ട്രിയുടെ നാഷണൽ കോർഡിനേറ്റർ, കർണാടക കോർഡിനേറ്റർ എന്നിങ്ങനെ വിവിധ ഉത്തരവാദിത്വങ്ങൾ ഭംഗിയായിത്തന്നെ നിർവഹിച്ചിട്ടുണ്ട്. ജീസസ് യൂത്തിന്റെ ദേശീയ കൗൺസിൽ അടുത്തയിടെ പുനഃസംഘടിപ്പിച്ചപ്പോൾ ജസ്റ്റിൻ അതിന്റെ നേതാവായി നിയോഗിക്കപ്പെട്ടു. ഇത്രയും പ്രധാന ദൗത്യം നിർവ്വഹിക്കാൻ മുഴുവൻ സമയ ലഭ്യത അത്യാവശ്യം. ജോലി രാജി വച്ചു. ഭാര്യയോടൊത്ത് എറണാകുളത്ത് താമസമാക്കി. ഭാര്യയുടെ കൂടെ അമ്മ കൂടിയുള്ളതുകൊണ്ട് ജസ്റ്റിനിനി രാജ്യമെമ്പാടും യുവജന ശുശ്രൂഷകൾ ഫലപ്രദമാക്കാനായി യാത്ര ചെയ്യാം. താൻ നാളുകളായി കെയ്റോസ് വായിക്കുന്ന ആളായതുകൊണ്ട് കണ്ടുമുട്ടുന്നവരോടൊക്കെ വായിക്കണമെന്നും, വരിക്കാരാകണമെന്നും പ്രചരിപ്പിക്കണമെന്നും ആവശ്യപ്പെടാൻ എളുപ്പമായിരിക്കുമെന്നാണ് ജസ്റ്റിൻ പറയുന്നത്.

## 59 ജസ്റ്റിന് കൂട്ട് ജോൺസൺ

ഗുജറാത്തിലെ ബറോഡക്കാരനാണ് മലയാളം വളരെ ബുദ്ധിമുട്ടി സംസാരിക്കാൻ പഠിച്ചുകൊണ്ടിരിക്കുന്ന ജോൺസൺ. ജീസസ് യൂത്ത് നാഷണൽ കൗൺസിലിന്റെ അസിസ്റ്റന്റ് കോർഡിനേറ്റർ. കെയ്റോസ് ഗ്ലോബലിലെ വിശ്വാസ സംബന്ധിയായ സംശയങ്ങൾക്ക് ഉത്തരം നൽകുന്ന 'ആസ്ക് ഫാദർ ബിറ്റാജു' എന്ന കോളമാണ് താൻ സ്ഥിരമായി വായിക്കാറുള്ളതെന്ന് ജോൺസൺ പറയുന്നു. വളരെ ചുരുക്കം വാക്കുകളിൽ സമഗ്രമായി ഉത്തരം പറയുന്നു എന്നതാണാ പംക്തിയുടെ പ്രത്യേകതയെന്ന് ജോൺസൺ. എറണാകുളത്ത് താമസം തുടങ്ങിയെന്ന് പറയാമെങ്കിലും മിക്കവാറും രാജ്യമെങ്ങും യാത്രയിലായിരിക്കാനാണ് സാധ്യത. നാഷണൽ ലീഡേഴ്സ്/ആനിമേറ്റേഴ്സ് പഠന പരിപാടിക്കായി ഛത്തീസ്ഗഢിലെ റായ്പൂരിലേയ്ക്കാണ് ആദ്യ യാത്ര. പങ്കെടുക്കുന്നവർക്കെല്ലാം കൊടുക്കാനായി കെയ്റോസ് മാസികകളുടെ വലിയൊരു കെട്ടുമെടുത്തിട്ടുണ്ട്.

## 60 സഹനമുണ്ട് പക്ഷേ നിരാശരല്ലവരാരും

വലിയൊരു വെല്ലുവിളിയാണ് നേരിട്ടതെങ്കിലും അതിനെ അതിജീവിച്ച് പള്ളിവാതുക്കലച്ചൻ സുഖം പ്രാപിച്ചിരിക്കുന്നു. തനിയെ നടക്കാറായിട്ടുണ്ട്. പലവിധ സഹനങ്ങളിൽക്കൂടി കടന്നു പോകുന്ന പലരെയും ഈ ദിവസങ്ങളിൽ കാണാനായി. കോട്ടയത്തെ ഒരു മുതിർന്ന ജീസസ് യൂത്ത്, പെട്ടെന്നാണൊരു ദിവസം അസുഖ ബാധിതനെന്ന് കണ്ടെത്തുന്നത്. തുടർന്ന് റേഡിയേഷനും മറ്റു ചികിത്സകളും. നന്നായി വിശപ്പുണ്ടെങ്കിലും ഭക്ഷണം പോലും കഴിക്കാൻ ബുദ്ധിമുട്ടുന്നു. എറണാകുളത്തെ തലമുതിർന്ന ആനിമേറ്റർ പലവിധ പരീക്ഷണങ്ങളാണ് നേരിടുന്നത്. സ്വന്തം ആരോഗ്യ പ്രശ്നങ്ങൾക്കൊപ്പം, ഭാര്യയ്ക്കിപ്പോൾ കീമോതെറാപ്പിയും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. കൊച്ചുമകളുടെ രോഗവും ആകുലതകൾ കൂട്ടുന്നൊരു കാര്യമാണ്. നേഴ്സസ് മിനിസ്ട്രിയിൽ സജീവമായിരുന്ന, നാലു മക്കളുടെ അമ്മയായ ആ ചെറുപ്പക്കാരിയും കീമോ തെറാപ്പിയുടെയും റേഡിയേഷന്റെയുമൊക്കെ പ്രശ്നങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയാണ്. സംസാരിക്കാനിടവന്ന ഇവരാരും നിരാശരല്ല. എന്തുകൊണ്ടെനിക്കിത് എന്ന ചോദ്യവുമില്ല. ദൈവമറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്ന തിരിച്ചറിവിൽ നിന്ന് മാത്രം ലഭിക്കുന്ന ശാന്തതയാണവരിൽ കാണാനാവുന്നത്.

## 61 കാക്കനാട്ടെ സെന്റ് ഫ്രാൻസിസ് പള്ളി

ഒരു സന്ധ്യയ്ക്ക് ഏഴുമണി കഴിഞ്ഞ സമയത്ത് കുറെ സമയം അവിടെ ചിലവഴിക്കാനിടയായി. വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ചിരിക്കുന്നു. അൾത്താരയിൽ മാത്രമാണ് ലൈറ്റുകൾ തെളിച്ചിരിക്കുന്നത്. ബഹളമൊന്നുമില്ല. ആ സമയത്തും നിരവധി ചെറുപ്പക്കാർ അവിടെയെത്തി സമയം ചിലവഴിച്ച് മടങ്ങുന്ന പ്രതീക്ഷ പകരുന്ന കാഴ്ച കാണാനിടയായി. പള്ളിക്കുള്ളിൽ സമാധാനമായിരിക്കാൻ സമ്മതിക്കാത്ത കൊതുകുകളെ എന്തെങ്കിലും ചെയ്യാനായിരുന്നെങ്കിൽ എന്നതായിരുന്നു പ്രധാന പലവിചാരം.

## 62 ഓർമ്മയിൽ നിൽക്കുന്ന ഇമേജുകൾ സൃഷ്ടിക്കുന്നൊരാൾ

2010 ലെ ജീസസ് യൂത്തിന്റെ സിൽവർ ജൂബിലി ഒത്തുചേരൽ. ആ കോൺഫ്രൻസിന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്ന ചിത്രമെന്താണ്. പ്രവേശന കവാടത്തിനരികിൽ തന്നെയുണ്ടായിരുന്ന അന്നുവരെ മരിച്ചുപോയ ജീസസ് യൂത്തിനെ ഓർമ്മിക്കാനായുള്ള സ്മൃതി മണ്ഡപം. അന്നത് രൂപപ്പെടുത്തിയത് എറണാകുളംകാരൻ ഷാജി ജോസഫാണ്. 2012 മുതൽ കെയ്റോസ് മലയാളം ഡിസൈൻ ചെയ്യുന്ന ഷാജി തയ്യാറാക്കിയ എത്രയെത്ര കവർ പേജുകളാണ് ആളുകളുടെ മനസ്സിൽ തെളിച്ചം മങ്ങാതെ

കയറിക്കൂടിയിരിക്കുന്നത്. ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി എന്ന അജ്നയുടെ ജീവിതം പറയുന്ന പുസ്തകം ഇത്രമാത്രം ജനപ്രിയമായതിൽ ഷാജിയുടെ കയ്യൊപ്പുമുണ്ട്. ഇപ്പോൾ റെഡിയായിരിക്കുന്ന Nightingale of the Holy Eucharist കവറും ഡിസൈനും ആളുകളുടെ മനസ്സിൽ കയറിക്കൂടും എന്നതിൽ സംശയമില്ല. ഒക്ടോബർ മാസത്തിൽ ഷാജി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സുവിശേഷ വചനങ്ങളുടെ പോസ്റ്ററുകൾ ഫ്രെയിം ചെയ്ത് വില്പനയ്ക്ക് വച്ചാലോ എന്നൊരു ചിന്തയുണ്ട്.

## 63 പച്ചക്കറി കാർട്ടൂൺ

കുട്ടികളുടെ മാസികകളിലെ കാട്ടിലെ പത്രമൊക്കെ നമുക്ക് പരിചയമുള്ള കാര്യങ്ങളാണ്. മൃഗങ്ങൾ കഥാപാത്രങ്ങളായുള്ള കാർട്ടൂണുകളും കണ്ടിട്ടുണ്ട്. പക്ഷേ മലയാളം കെയ്റോസിന്റെ അവസാന പേജിലിനി നമ്മളോട് കാര്യം പറയാനെത്തുന്നത് വഴുതന മാത്തനും, വെണ്ടയ്ക്ക വർക്കിയും മറ്റുള്ളവരുമാണ്. കാർട്ടൂണിസ്റ്റും, ഇല്ലസ്ട്രേറ്ററുമൊക്കെയായ സിനിൽ കെ.ജെ.യുടേതാണ് വര. നവംബറിലെ മാസികയ്ക്കായി കാത്തിരിക്കൂ.

## 64 ഇനി എന്ത്

അനേകരുടെ ജീവിതങ്ങളിൽ അവിസ്മരണീയ ഓർമ്മകൾ സമ്മാനിച്ച മാരാരിക്കുളത്തെ പാരിഷ് കോൺഫ്രൻസിനു ശേഷമിനി വിശ്രമിക്കാമെന്നല്ല അവർ കരുതുന്നത്. കോർഡിനേറ്റർ ഓൾവിനും കൂട്ടരും കൂടി നവംബർ മാസം പാരിഷ് ഔട്ട് റീച്ച് മാസമായി പ്രഖ്യാപിച്ചിരിക്കുകയാണ്. കളി കമ്പനി കാണാനിരിക്കുന്നതേയുള്ളൂ.

## 65 ജർമ്മനിയിലൊരു തെയ്സെ പ്രയർ

ഇപ്പോൾ ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്ന അജി മൂലേപ്പറമ്പിലച്ചൻ പഴയൊരു ജീസസ് യൂത്ത് ഫുൾടൈം വോളന്റിയർ കൂടിയാണ്. അജിയച്ചന്റെ സെന്റ് അന്നാ പാരിഷ് നവംബർ 14ന് പ്രകാശത്തിന്റെ രാത്രിയായി ആഘോഷിക്കുകയാണ്. തെയ്സെ പ്രയറുമുണ്ട്. പാട്ടുകൾ പഠിക്കണമെങ്കിൽ നേരത്തെയെത്തണമത്രേ. പുതിയ കാലത്ത് സുവിശേഷം അറിയിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കണമെന്ന ആഗ്രഹമായിരിക്കണം അച്ചന്. എന്നാ നവംബറിൽ ജർമ്മനിക്ക് പോകാല്ലേ.

## 66 ജീസസ് യൂത്തിനെ കണ്ടിട്ടാ

ശുദ്ധ മലയാള മലബാർ ഭാഷയിൽ ഒരു ജീസസ് യൂത്ത് പാട്ട് കേൾക്കണോ. ലിങ്കിൽ ക്ലിക്ക് ചെയ്യൂ.

https://fb.watch/g7qimSmxC9/

## 67 ബഹറിനിൽ ഫിലിപ്പ് കോഴ്സ്

ജീസസ് യൂത്ത് രൂപീകരണ പ്രക്രിയയിലെ ഏറ്റവും ആദ്യത്തെ കാര്യമാണ് 48 മണിക്കൂർ നീണ്ടുനിൽക്കുന്ന ഫിലിപ്പ് കോഴ്സ്. വലിയൊരു യാത്രയുടെ തുടക്കം. ഒക്ടോബർ എട്ടാം തീയതി പൂർത്തിയായ ബഹറിനിൽ നടന്ന പഠന പരിപാടിയിൽ നിരവധി പേർ പങ്കെടുത്തു. ഒക്ടോബർ മൂന്നാം തീയതി സേക്രഡ് ഹാർട്ട് ചർച്ചിലെ ഔർ ലേഡി ഓഫ് അറേബ്യ ഓഡിറ്റോറിയത്തിൽ, ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ TRANSITUS (The Passion of St Francis of Assissi from Dealth to Life with God) അവതരിപ്പിച്ചു.

## 68 രണ്ട് പ്രതികരണങ്ങൾ

കെയ്റോസിന് മാസവും 500/1000 തന്ന് സഹായിക്കാനാവുമോ എന്ന് ചോദിച്ച് കുറച്ച് പേർക്ക് സന്ദേശമയച്ചിരുന്നു. സന്ദേശം കിട്ടിയുടൻ ഒരാൾ വിളിച്ചു. അടുത്തയിടെ ശമ്പളക്കൂടുതൽ ലഭിച്ചിരുന്നു. കൂടുതലുള്ള ദശാംശം എന്തു ചെയ്യണമെന്ന് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനിടയിലാണ് സന്ദേശമെത്തിയതത്രേ. ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ വലിയ തുക ഓരോ മാസവും നല്കാമെന്നറിയിച്ചു. കെയ്റോസിന്റെ കഷ്ടപ്പാടുകൾ കർത്താവ് കാണുന്നുണ്ട് എന്ന് ഒരിക്കൽ കൂടി തിരിച്ചറിഞ്ഞ സമയം.

ഒരു യുവജന നേതാവിന് 10 കോപ്പികൾ അയച്ചു കൊടുത്തു. പിന്നീട് വിളിച്ചപ്പോൾ പോസ്റ്റ് ഓഫീസിൽ നിന്ന് വിളിച്ചിരുന്നു, പോയി എടുക്കണം എന്നു പറഞ്ഞു. രണ്ടാഴ്ചയ്ക്കുശേഷം വീണ്ടും വിളിച്ചപ്പോഴും പോസ്റ്റ് ഓഫീസിൽ നിന്ന് എടുത്തിട്ടില്ല. ഇത്രയും ദിവസമായിട്ടും എടുക്കാതിരുന്നതുകൊണ്ട് പോസ്റ്റ് ഓഫീസുകാർ അത് കെയ്റോസ് ഓഫീസിലേയ്ക്ക് തിരിച്ചയച്ചു. എത്രമാത്രം കണ്ണീരും വേദനയും അധ്വാനവും ഓരോ മാസവും മാസിക തയ്യാറാക്കുന്നതിന് പിന്നിലുണ്ടെന്നത് ഈ ചെറുപ്പക്കാരനുൾപ്പെടെ പലർക്കും മനസ്സിലാക്കാനാവുന്നില്ലല്ലോ എന്നതായിരുന്നു ഓഫീസിലെ പ്രവർത്തകരുടെ സങ്കടം.

## 69 ഖത്തർ മീറ്റിംഗ്

ഗൂഗിൾ മീറ്റ്, സൂം തുടങ്ങിയ സംവിധാനങ്ങൾ ഏറ്റവും പ്രയോജനപ്രദമായി തോന്നിയ സമയമായിരുന്നത്. ഖത്തറിലെ ജീസസ് യൂത്ത് ലീഡേഴ്സാണ് കെയ്റോസ് പ്രവർത്തകരുമായി ഒരു മീറ്റിംഗ് വേണമെന്നാവശ്യപ്പെട്ടത്. റെഗുലറായി കെയ്റോസ് പ്രവർത്തനങ്ങൾക്ക് ഒരു രാജ്യമെന്ന നിലയിൽ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരിക്കുന്നവരാണ്. കാര്യങ്ങൾ എങ്ങനെയൊക്കെ പോകുന്നു എന്നവർ ചോദിച്ചറിഞ്ഞു. ഖത്തറിലേയ്ക്ക് മാസിക എത്തിക്കാനാവാത്തതിന്റെ ബുദ്ധിമുട്ടുകളുണ്ട്. വരിക്കാരെ കൂട്ടാനും, മിഷൻ പ്രദേശങ്ങളിലേയ്ക്ക് കൂടുതൽ കോപ്പികളെത്തിക്കാനും മാർഗ്ഗങ്ങളന്വേഷിക്കാമെന്നവർ പറഞ്ഞു. തികച്ചും ആശ്വാസവും സന്തോഷവും തോന്നിയ ഒരവസരം.

---

## 70 അടിയന്തര ഇടപെടൽ വേണം

ഈ കുറിപ്പുകൾ വായിക്കുന്ന എല്ലാവരുടെയും പെട്ടെന്നുള്ള ഇടപെടൽ ആവശ്യമുള്ള രണ്ട് കാര്യങ്ങളുണ്ട്. ജീസസ് യൂത്തിൽ നിന്ന് പ്രചോദനം ലഭിച്ച് സെമിനാരിയിൽ പഠിക്കുകയോ, വൈദികരാകുകയോ ചെയ്തവരിൽ നിന്ന് അടിയന്തരമായി ലഘു കുറിപ്പുകൾ ശേഖരിക്കുക എന്നതാണൊന്ന്. ഈ വരുന്ന ചൊവ്വാഴ്ചയോടെ അത് കിട്ടണം. ഗൂഗിൾ ഫോം ലിങ്ക് എത്തിച്ചു കൊടുക്കുകയും ഫിൽ ചെയ്യാൻ പ്രേരിപ്പിക്കുകയും വേണം. ഇതാണ് ലിങ്ക്

https://docs.google.com/forms/d/e/1FAIpQLSeBnIbOzZcDwlunGje4UiARPP1CKxz9StP5640cihsKOyeHMw/viewform?vc=0&c=0&w=1&flr=0

രണ്ടാമത്തേത് സകല വിശുദ്ധരുടെയും തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന ഹോളി ഹാബിറ്റ്സ് എന്ന അവസരമാണ്. കഴിയാവുന്നത്ര മാതാപിതാക്കളെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുക. ഈ ആഴ്ചയാണ് ഡ്രസ് ഉൾപ്പെടെ ഒരുക്കങ്ങൾ നടത്തേണ്ടത്. രണ്ട് കാര്യത്തിലും എന്തെങ്കിലും സഹായം ആവശ്യമെങ്കിൽ അയോണയെ വിളിക്കുക.7907619471

https://m.facebook.com/story.php?story_fbid=pfbid02yg3DgD2A8dSPCE7pk3Rnyverwkh2wLsrmGav6HrzGyxMEYHUtVwKuUuayRtCzbfsl&id=100063804324756

വീഡിയോ https://www.instagram.com/p/Cj7J2XILP6K/

29.10.2022

## 71 ഒക്ടോബർ പതിനഞ്ചിലെ സുന്ദര സായന്തനം

Nightingale of the Holy Eucharist എന്ന പുസ്തകത്തിന്റെ റിലീസിങ് പരിപാടിയുമായി ബന്ധപ്പെട്ട ഈ കുറിപ്പെഴുതിയത് സാജൻ സി എ ആണ്. "ഒരു ഹോംലി അന്തരീക്ഷം ആണല്ലോ എന്ന് മനസ്സിലാക്കി കൊണ്ടു തന്നെയാണ് ഞാൻ ഈ പരിപാടി നടക്കുന്ന ഹാളിലേക്ക് വളരെ ഫ്രീയായി കടന്നുവന്നത്. പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുവാൻ വേദിയിൽ നിന്ന് എന്നെ വിളിച്ചപ്പോൾ, ഞാൻ അഴിച്ചു വച്ചിരുന്ന എന്റെ അരപ്പട്ടയും, ഊരി വച്ചിരുന്ന സ്കൾ ക്യാപ്പും ഞാനെടുത്ത് ധരിച്ചു. കാരണം, എനിക്ക് ലഭിച്ചിരിക്കുന്ന മെത്രാഭിഷേകത്തിന്റെ പരമാധികാരമുപയോഗിച്ചു വേണം ഈ വിശുദ്ധയുടെ പുസ്തകം പ്രകാശനം ചെയ്യുവാനും ഇദ്ദേഹത്തെ പറ്റി സംസാരിക്കുവാനുമെന്ന് എന്റെയുള്ളിൽ തോന്നലുണ്ടായി. അതുകൊണ്ടാണ് അഴിച്ചു വച്ചിരുന്ന ആ സ്ഥാന ചിഹ്നങ്ങൾ എല്ലാം ധരിച്ച് ഞാനിപ്പോൾ നിങ്ങളുടെ മുന്നിൽ നിന്ന് സംസാരിക്കുന്നത്."

അജ്നാ ജോർജിന്റെ 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകത്തിൻറെ ഇംഗ്ലീഷ് പരിഭാഷയിലുള്ള Nightingale of the Holy Eucharist എന്ന പുസ്തക പ്രകാശന ചടങ്ങിനെത്തിയ കോട്ടപ്പുറം മെത്രാൻ ഡോ. ജോസഫ് കാരിക്കാശ്ശേരി പിതാവിന്റെ വാക്കുകൾ ആണിത്.

പിതാവ് അജ്നയെ കുറിച്ച് മാത്രമല്ല അജ്നയുടെ മാതാപിതാക്കളെ കുറിച്ചും സരസമായി സംസാരിച്ചു. നിശ്ചയമായും വിശുദ്ധിയുടെ പടവുകളിലേക്ക് യാത്ര ചെയ്യുന്ന അജ്നയുടെ, പുസ്തക പ്രകാശന ചടങ്ങ് ഒരു ചരിത്ര സംഭവമായി മാറുമെന്നത് എല്ലാവർക്കും അനുഭവവേദ്യമായ നിമിഷങ്ങളായിരുന്നു. എറണാകുളത്ത് പിഓസി യിൽ. ഒക്ടോബർ 15ന്റെ സായന്തനം ആ ദിവ്യ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു.

## 72 അന്ന് ഡയറിയിൽ എഴുതിയത്

കഴിഞ്ഞയാഴ്ചത്തെ കുറിപ്പിൽ മനോജ് സണ്ണിക്ക് അവാർഡ് ലഭിച്ചതുമായി ബന്ധപ്പെട്ട് എഴുതിയപ്പോൾ 1994 ൽ മനോജ് തയ്യാറാക്കിയ ഒരു ലേഖനത്തിന്റെ തലക്കെട്ടിനെക്കുറിച്ച് പരാമർശിച്ചിരുന്നു. അതിനെക്കുറിച്ച് മനോജ്

"Thank you Chackocha for sharing it.. originally, in my reply speech, I have shared about this part too.

"It was in 1996, I became the coordinator for Jesus Youth in Kerala - the state Jesus Youth was born. In the beginning of my responsibility, I went to a monastery and spent a few days in prayer - at the end of the prayer, I wrote these words 'Give Him the Best' - which became my Motto and driving force throughout these years. In 2017, Dicastery for laity, family and Life invited me to be part of the drafting committee for a document on Sports and Faith. There were 5 of us in the team and I volunteered to prepare the first draft of the 5th chapter. The forward was written by Pope Francis and he only suggested the title of the document - the document was titled as 'giving your very best'. It was a beautiful moment of affirmation of my conviction and mission in my life".

Love to see the way you share all these 'Kochu kochu viseshangal' with everyone. It is a great blessing especially when we don't have a news letter anymore. In Fátima for the EU Leaders conference. Praying specially for you to our Lady of Fátima .."

## 73 ജോഗേഷ് ജോബി ഒറീസയിലേയ്ക്ക്

2022 ലെ മിഷൻ മാസത്തിൽ ഒരു മിഷണറി കൂടെ യാത്ര ആരംഭിച്ചു. പാലായുടെ മിഷൻ സ്റ്റേറ്റ് ആയ ഒഡിഷയിലേക്ക് പാലായിൽ നിന്ന് ഒക്ടോബർ 26 ന് യാത്ര തുടങ്ങി. തുടർന്ന് One Month ജോലിയോട് ഒപ്പം ഉള്ള മിഷൻ (Job With Mission).

## 74 പന്ത്രണ്ട് ആമസോണിൽ

ലിയോ തദേവൂസ് സംവിധാനം ചെയ്ത സിനിമകളിൽ എക്കാലത്തെയും ഒരു മാസ്റ്റർ പീസ് ആണ് പന്ത്രണ്ട്. എനിക്കതിൽ ഏറ്റവും ഇഷ്ടമായത്, പ്രകൃതിസ്നേഹിയും പൊതുപ്രവർത്തകനുമൊക്കെയായ ജോൺ എന്ന കഥാപാത്രമാണ്. ലോകമാകമാനമുള്ള പ്രേക്ഷകർക്ക് പന്ത്രണ്ട് സിനിമയിനി ആമസോൺ പ്രൈമിൽ ആസ്വദിക്കാം.

ഇത് ലിയോയുടെ മെസേജ്

"I hope you are aware of our movie panthrand is on Amazon Prime now. Soon it will be available all other countries . Tamil and Telugu are uploading . Hindhi rights already given. So pls encourage your friends and people in your circle to watch the movie. Thank you very much for your support for the movie".

## 75 മൂന്ന് പ്രീ സെഷനുകൾ കഴിഞ്ഞു

അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള കൗൺസിലിനെ തിരഞ്ഞെടുക്കുക എന്ന പ്രധാന ഉദ്ദേശവുമായി മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്ന ജീസസ് യൂത്ത് ഇന്റർനാഷണൽ അസംബ്ലി നവംബർ 18 -20 തീയതികളിൽ മൂവാറ്റുപുഴ NEST പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. ഒരുക്കമായി നടക്കുന്ന നാല് ഓൺലൈൻ പ്രീ സെഷനുകളിൽ മൂന്നും കഴിഞ്ഞു.

## 76 ഇനി 275 ദിനങ്ങൾ

2023 ഓഗസ്റ്റ് 16 തീയതികളിൽ പോർച്ചുഗലിലെ ലിസ്ബണിൽ നടക്കുന്ന അന്താരാഷ്ട്ര യുവജന സമ്മേളനത്തിന് പോകുന്നെങ്കിൽ റെഡിയാകാനുള്ള സമയമായി. കോവിഡ് മഹാമാരിക്കുശേഷം ലോകം ഒരിക്കൽ കൂടി ഒന്നിച്ചു വരുന്ന ഒരു സമയമായിരിക്കുമത്. 10 മുതൽ 28 വരെ ദിവസം നീളുന്ന Rs.60,000/ മുതൽ 175,000/ വരെ ചിലവു വരുന്ന 6 തീർത്ഥാടന പാക്കേജുകൾ ജീസസ് യൂത്ത് നാഷണൽ ടീം പ്രഖ്യാപിച്ചിട്ടുണ്ട്. താല്പര്യമറിയിക്കാനുള്ള ലിങ്കിതാ

https://forms.gle/5D7Hkk51tKd3Y4zH6 നാഷണൽ കോർഡിനേറ്റർ ജസ്റ്റിന്റെ കത്തിലെ ഇക്കാര്യം കൂടി ശ്രദ്ധിച്ചു കൊള്ളൂ.

"The Reg. Fee includes only the Program Registration, Accomodation, Food, Local Transportation and Admin Cost. The additional expenses will be Visa processing fee, Flight fare and Insurance fee, which will be based on the best quotations we receive from the travel agents."

## 77 ദൂരക്കാഴ്ചയോടെ രണ്ടു സംരംഭങ്ങൾ

ത്രിശ്ശൂർ രൂപതയിലൊരു ഫെസിലിറ്റേഷൻ സെന്റർ. വിദ്യാർഥികൾക്ക് ലഭ്യമാകുന്ന സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങളിൽ സഹായം നൽകാനാണിത്. കെസിബിസി സോഷ്യൽ ഹാർമണി & വിജിലൻസ് കമ്മീഷന്റെ നേതൃത്വത്തിലുള്ള കരുതൽ പദ്ധതിയാണ് മറ്റൊന്ന്. പ്രണയലഹരി കെണിയിൽപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതിയാണ്. ഹെൽപ്പ് ലൈൻ നമ്പറുണ്ട്. 7561005550. വിവരാവകാശ നിയമമുപയോഗിച്ച് നാട്ടിലെ അഴിമതി തുടച്ചു നീക്കാനുള്ള ഇത്തരത്തിലുള്ള സംവിധാനങ്ങളും ആവശ്യമുണ്ട്. ഇത്തരം സമിതികൾ രൂപതാ തലത്തിൽ മാത്രമല്ല ഇടവക തലത്തിൽ പോലും വേണം..

## 78 വമ്പിച്ച പ്രതികരണം

ഡിസംബർ അവസാനത്തിൽ ത്രിശ്ശൂരിലെ കുര്യച്ചിറയിൽ നടക്കാനിരിക്കുന്ന ഫാമിലി കോൺഫ്രൻസിന് വമ്പിച്ച പ്രതികരണം. 500 കുടുംബങ്ങളെ പ്രതീക്ഷിച്ചിടത്ത് രജിസ്ട്രേഷൻ അവസാനിപ്പിക്കുന്നതിനു മുൻപു തന്നെ 650 പേർ താൽപര്യത്തോടെ എത്തിയിട്ടുണ്ട്. ഒക്ടോബർ 31ന് രജിസ്ട്രേഷൻ അവസാനിപ്പിക്കുകയാണ്. കേരളത്തെ പുനർനിർമ്മിക്കാനുതകുന്ന തരത്തിൽ വമ്പിച്ച സാധ്യതകളാണ് മുന്നിലുള്ളത്.

## 79 വളരെ പ്രധാനപ്പെട്ട ഒരു കാര്യം

പാലായിലുള്ള മുതിർന്ന ജീസസ് യൂത്തായ ഇലഞ്ഞി ജോസ് ചേട്ടന്റെ മകൻ ജിസ്മോൻ ജോസിന്റെ ഹൃദയവാൽവ് മാറ്റി വയ്ക്കുന്ന ഓപ്പറേഷൻ 26/10/2022 ന് കോട്ടയം മെഡിക്കൽ കോളജിൽ വച്ച് നടത്താൻ ഡേറ്റ് കിട്ടി. എന്നാൽ 2 ലക്ഷം രൂപ എങ്കിലും ചിലവ് വേണ്ടിവരും എന്നാണ് പറഞ്ഞത്. തുടർന്നുള്ള ചികിത്സാ ചിലവുകൾ വേറേയും.

## 80 പാലായിലെ വേരിത്താസ് കഴിഞ്ഞു

ഒക്ടോബർ 21 -24 തീയതികളിൽ 350 പേർ പങ്കെടുത്തു, 100 പേരുടെ വോളിയർ സംഘവുമുണ്ടായിരുന്നു. 'Jesus Youth is the brand. We are the products of Jesus Youth", പാലാ രൂപതയുടെ മെത്രാൻ കല്ലറങ്ങാട്ട് പിതാവിന്റെ ഈ വാക്കുകൾ പങ്കെടുക്കാത്തവരിൽപോലും ആവേശം ജനിപ്പിച്ചിരിക്കുകയാണ്. അടുത്ത കാലങ്ങളിൽ പ്രവാചക ധീരതയോടെ കാലഘട്ടത്തിന്റെ ആശങ്കകൾക്ക് ശബ്ദമാകാൻ കല്ലറങ്ങാട്ട് പിതാവിനാകുന്നുണ്ട് എന്നത് സന്തോഷകരം. അദ്ദേഹത്തിന്റെ മറ്റൊരു പ്രസംഗത്തിന്റെ വീഡിയോയും ഏറെ പ്രചരിക്കപ്പെടുന്നു. നമ്മുടെ യുവജനങ്ങൾ രാജ്യം വിട്ടു പോകുന്നത് അപകടകരമായ സ്ഥിതി അർദ്ധരാത്രിയിൽ വീട്ടിൽ വന്നു കയറുന്ന മക്കളെ നാം ഭയപ്പെടണം എന്നാണദ്ദേഹം പറയുന്നത്.

https://www.facebook.com/100001693449785/posts/pfbid02xEpcrFC6PdyhhgAr8nesj3Mg4V1Eb1QXvqiLvX9BuJib7qHruuHrUpL1ML5YrmXzl/

## 81 ഹൗസ് ഹോൾഡ് ആനിവേഴ്സറി

മുംബൈയിലെ ജീസസ് യൂത്തിന്റെ ഹൗസ് ഹോൾഡിന് 9 വയസ്സായി. 2013ൽ ആദ്യമായി തുടങ്ങിയവയിലൊന്നായിരിക്കണമത്.

## 82 പ്രാർത്ഥിക്കാൻ വരുന്നോ ടെക്നോപാർക്കിലേക്ക്

എല്ലാ ബുധനാഴ്ചയും ഏഴരയ്ക്ക് ശേഷം തിരുവനന്തപുരത്തുള്ളവർക്ക് സ്വാഗതം. ലിയാത്ത് കാത്തലിക് സെന്ററിലെത്തിയാൽ വിശുദ്ധ കുർബാനയിലും പങ്കുചേരാം.

## 83 എറണാകുളത്തെ ആനന്ദച്ചൻ

പ്രത്യേകതയുള്ള വേഷവും ഭാവവുമൊക്കെകൊണ്ട് എളുപ്പത്തിൽ ശ്രദ്ധാകേന്ദ്രമാകുന്നയാളാണ് നാളുകളായി ജീസസ് യൂത്ത് സഹചാരിയായ എറണാകുളത്തെ ആനന്ദ് മണ്ണാലിൽ അച്ചൻ. അച്ചനെ നവംബർ 15 മുതൽ വാരാപ്പുഴ രൂപതയിലെ ജീസസ് യൂത്ത് പ്രൊമോട്ടറായി നിയമിച്ചിരിക്കുന്നു. എക്ളേസിയ ഇൻ ഏഷ്യ എന്ന മാർപാപ്പയുടെ പ്രബോധനത്തിൽ നിന്നുള്ള ഉദ്ധരണി ഉൾപ്പെടുത്തിയ നിയമന പത്രം മനോഹരമായിരിക്കുന്നു.

"You shall work together with Rev. Fr. Jiju Cleetus Thiyadi, the Archdiocesan Director of Youth Ministry to coordinate the functions of the different youth groups in the Archdiocese and strive for a harmonious mutual collaboration among them. Keep in mind that the youth are not only the object of the Church's pastoral care but also "agents and co-workers in the Church's mission in her various apostolic works of love and service". Their freshness and enthusiasm, their spirit of solidarity and hope can make them peacemakers in a divided world (Eccl. In Asia, No. 47).

## 84 ഈ പോലീസുകാരന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്

എറണാകുളംകാരൻ പോലീസ് സബ് ഇൻസ്പെക്ടർ ആയ ബാബുവിനെ ഒരിക്കലെങ്കിലും കണ്ടുമുട്ടിയിട്ടുള്ളവർക്കൊക്കെ ഇങ്ങനെയും പോലീസോ എന്ന് വിചാരിക്കാതിരിക്കാനാവില്ല. മദ്യത്തിനും ലഹരിക്കും അടിപ്പെട്ട് ഇക്കാലത്ത് നമ്മുടെ യുവജനങ്ങളും, കൗമാരക്കാരും എത്തിപ്പെടുന്ന ദുരന്തങ്ങളെക്കുറിച്ച്, ഓരോ ദിവസവും കണ്ടുമുട്ടുന്നവരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബാബു സംസാരിക്കുമ്പോൾ കുട്ടികൾ, കൗമാരക്കാർ യുവജനങ്ങൾ എന്നിവരുടെ ഇടയിലെ സുവിശേഷ പ്രവർത്തനം എത്രമാത്രം ശക്തമാകേണ്ടതുണ്ടെന്ന തിരിച്ചറിവാണ് ലഭിക്കുന്നത്.

https://youtu.be/t1Rt-f65ULU

## 85 സി. ആരോഗ്യ മേരി റായ്പൂരിലേക്ക് പോവുകയാണ്

ഗോവയിൽ വച്ച് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കത്തോലിക്കാ കോളേജുകളുടെ സംഘടനയായ സേവ്യർ ബോർഡിന്റെ സമ്മേളനത്തിനിടയിലാണ് തമിഴ്നാട്ടിലെ ഊട്ടി കുനൂരിലെ പ്രോവിഡൻസ് കോളേജിൽ നിന്നുള്ള സി. ആരോഗ്യമേരിയെ കണ്ടത്. തമിഴ്നാട് ജീസസ് യൂത്ത് കൗൺസിലിന്റെ ആനിമേറ്റർ കൂടിയായ സിസ്റ്ററിന് അപ്രതീക്ഷിതമായി ജീസസ് യൂത്ത് ബന്ധമുള്ളവരെ കണ്ടപ്പോൾ അടക്കാനാവാത്ത സന്തോഷം. ഗോവയിൽ നിന്ന് സിസ്റ്റർ ജീസസ് യൂത്ത് ദേശീയ ആനിമേറ്റേഴ്സ് പഠന പരിപാടിയിൽ പങ്കെടുക്കാനാണ് യാത്ര. ഒക്ടോബർ 21നാരംഭിച്ച നാഷണൽ ലീഡേഴ്സ് പഠന പരിപാടിയിൽ ഹിന്ദി 12, ഇംഗ്ലീഷ് 19 എന്നിങ്ങനെയാണ് പങ്കാളിത്തം.

## 86 ഹോളി ഹാബിറ്റ്സ് ഇങ്ങെത്തി

സകല വിശുദ്ധരുടെയും തിരുനാളിനോടനുബന്ധിച്ചാണ് കെയ്റോസ് ബഡ്സ് മാസിക ഹോളി ഹാബിറ്റ്സ് അവതരിപ്പിച്ചിരിക്കുന്നത്. ഇഷ്ടമുള്ള ഏതെങ്കിലും വിശുദ്ധരുടെ വേഷം ധരിക്കുക, ഫോട്ടോ, വീഡിയോ എടുക്കുക, ഹോളി ഹാബിറ്റ്സ് പേജിൽ പോസ്റ്റ് ചെയ്യുക. ഷെയ്ക്കീന ന്യൂസ് പ്രക്ഷേപണം ചെയ്ത വാർത്ത കാണാം.

https://fb.watch/gnAkK9i1pQ/

## 87 പാവം പുരുഷന്മാർ

രാഷ്ട്രീയക്കാരുടെയും നിയമത്തിന്റെയും കോടതിയുടെയുമെല്ലാം പിന്തുണ സ്ത്രീകൾക്കാണ്. മാധ്യമങ്ങളും പൊതുസമൂഹവും നിലയുറപ്പിക്കുന്നത് സ്ത്രീകളുടെ പക്ഷത്താണ്. പാവം പുരുഷന്മാർ. അവരുടെ സങ്കടങ്ങൾ കാണാനും പിന്തുണയ്ക്കാനും ആരുമില്ല എന്നു പറയാൻ വരട്ടെ. അവരുടെ ആത്മ നൊമ്പരങ്ങളെക്കുറിച്ച് പ്രിൻസി മനോജ് (ഫേസ്ബുക്കിൽ കണ്ടതാണ്) എഴുതിയ കുറിപ്പ് ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്.

https://www.facebook.com/groups/2957979684422443/permalink/3369011313319276/

## 88 The Andrew Family

കോട്ടയംകാരൻ സെബാൻ എന്നറിയപ്പെടുന്ന സെബാസ്റ്റ്യൻ ആൻഡ്രൂസും ഭാര്യയും നേഴ്സുമായ ഷീനയും കുടുംബവും വർഷങ്ങളായി അമേരിക്കയിലാണ് വാസം. ദൈവം നൽകുന്ന കുഞ്ഞുങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാൻ ധൈര്യം കാട്ടിയവരാണവർ. The Andrew Family എന്ന പേരിൽ ശാലോം വേൾഡ് ടിവിയിൽ ജോയിഫുള്ളി ബിഗ് എന്ന പരിപാടിയിൽ ഒരു ഡോക്യുമെന്ററി ഒക്ടോബർ 24ന് പ്രക്ഷേപണം ചെയ്തിരുന്നു.

## 89 നമ്മളത്ര ചെറുതല്ല

നമ്മുടെ നാട്ടിലെ ശതമാന കണക്കെടുത്താൽ ഭാരതത്തിലെ ക്രൈസ്തവരുടെ എണ്ണം വളരെ കുറവാണ്. മൂന്ന് ശതമാനത്തിൽ താഴെ. പക്ഷേ ആ മൂന്ന് ശതമാനമെന്നത് എണ്ണമെടുത്താൽ നാലു കോടിയോളം വരും. ലോകത്തിലെ അനവധി രാജ്യങ്ങളിലെ ആകെ ജനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതലാണത്. ഈ നാലു കോടിയും സജീവ ക്രൈസ്തവ സാക്ഷ്യം നൽകുന്നവരായിത്തീർന്നാൽ ലോകത്തിന് നൽകാനാവുന്ന നന്മ അതിഭീമമായിരിക്കും. നമ്മളിമ്മിണി വലുതാണെന്നോർത്തോളിൻ.

## 90 അസോസിയേഷൻ അംഗത്വം

അന്താരാഷ്ട്ര നിലവാരമുള്ള മാസികകൾ, പുസ്തകങ്ങൾ, യൂട്യൂബ് ചാനൽ, സോഷ്യൽ മീഡിയ സാന്നിദ്ധ്യം എന്നിങ്ങനെ വിവിധ തലങ്ങളിൽ കത്തോലിക്കാ മാദ്ധ്യമ രംഗത്ത് ശ്രദ്ധേയമായ ഒരു സാന്നിദ്ധ്യമായി കഴിഞ്ഞിട്ടുണ്ട് കെയ്റോസ്. അമേരിക്കയിലെ കാത്തലിക് മീഡിയ അസോസിയേഷൻ, ICPA ഇന്ത്യൻ കാത്തലിക് പ്രസ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകളിൽ കെയ്റോസിന് അംഗത്വമുണ്ട്. ICPA യുടെ വാർഷിക സമ്മേളനം ഡിസംബർ രണ്ടാം വാരത്തിൽ ചെന്നൈയിൽ വച്ച് നടക്കുകയാണ്.

## 91 സിസ്റ്റർമാർ ഡ്രൈവിംഗ് പഠിക്കണം

ചെറിയ പട്ടണത്തിലെ പ്രൊവിൻഷ്യൽ ഹൗസാണ്. അവിടുത്തെ സിസ്റ്റർമാർ ചിലർ കാറോടിക്കാൻ തുടങ്ങിയിരിക്കുന്നു. അടിയന്തര സാഹചര്യങ്ങളിലൊന്നുമിനി ഡ്രൈവറെയുമൊന്നും അന്വേഷിച്ച് അലയേണ്ടതില്ല. ഇക്കാലത്ത് സ്ത്രീകൾ എത്രമാത്രം ദുഷ്കരമായ ദൗത്യങ്ങളാണ് തനിയെ നിർവഹിക്കുന്നത്. ഔദ്യോഗിക കാര്യങ്ങൾക്കുൾപ്പെടെ സന്യാസിനികൾ ഒറ്റയ്ക്ക് യാത്ര ചെയ്യാനൊക്കെ തയ്യാറായാൽ എത്രമാത്രം വിഭവങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാം. മൾട്ടി ടാസ്കിങ്ങ് എന്നിവയൊക്കെയായി സാധാരണ മനുഷ്യരുടെ ദിവസത്തിന്റെ നീളമിപ്പോൾ 24 മണിക്കൂറല്ല 30 -40 എന്നതൊക്കെയാണ്. മനുഷ്യ വിഭവശേഷിയുടെ കൂടുതൽ ഫലപ്രദമായ ഉപയോഗം ആവശ്യമാണെന്നു തോന്നുന്നു. നിയമങ്ങളും, ചട്ടങ്ങളും കാലത്തിനനുസരിച്ച് മാറേണ്ടി വരും.

## 92 മംഗളവാർത്താ ധ്യാനം

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നാളുകളായി നടന്നു വരുന്ന, കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചവരും സ്വീകരിക്കാൻ ഒരുങ്ങുന്ന വരുമായ ദമ്പതികൾക്കു വേണ്ടിയുള്ള ഓൺലൈൻ ധ്യാനം നവംബർ 13 -20 തീയ്യതികളിൽ രാത്രി 8 മുതൽ 10 വരെ. 9446604709, 9895554750 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാം.

## 93 കാഞ്ഞിരപ്പള്ളിയിൽ അമ്മയ്ക്കരികെ ഇന്ന്

29 ശനിയാഴ്ച, രാവിലെ 6 മുതൽ വൈകിട്ട് 6 വരെ 12 മണിക്കൂർ ജപമാല. 6ന് 'അമ്മക്കരികെ' ഒത്തുചേരൽ. കരിക്കാട്ടൂർ സെന്റ്. ആന്റണീസ് പള്ളിയിൽ. ജപമാല, ക്ലാസ്സ്, ആരാധന, ഭക്ഷണം 8.30 ന് മടക്കം. സകുടുംബം പങ്കെടുക്കാം.

## 94 നല്ല വാക്കുകൾ

"ചെറിയ ചിന്തകൾ. വലിയ ബോധ്യങ്ങൾ. നന്ദി. ചാക്കോച്ചൻ സാർ. ഇ എഴുത്തിനു ഒരു പ്രത്യേക ഫീൽ ഉണ്ട്. God bless you" -ജോബിൻ ജോർജ് ഫേസ്ബുക്കിലെഴുതിയത്

"നന്നായിട്ടുണ്ട് എന്ന് പറഞ്ഞ് ഞാൻ അതിന്റെ ഭംഗി കളയുന്നില്ല. പലരെയും നേരിട്ടറിയാവുന്നതു കൊണ്ടും, പല രാജ്യങ്ങളിലെ വിവരങ്ങളറിയാനാവുന്നതിലും ഏറെ സന്തോഷം." ഇസ്റായേലിൽ നിന്ന് ജയ്സൺ തട്ടിൽ

"First time paying to attention to this and read fully. Short and sweet and feels like reading a letter about the big JY family. Thanks for your efforts. Is there a way we get a copy of September Kairos online"**മെൽവിൻ USA**

"വായിച്ചു. Super. കോട്ടയം വില്ലൂന്നി സ്വദേശിയായ അനൂപ് all Kerala teens team member ആയിരുന്നു. 2009 ൽ മഞ്ഞപ്പിത്തം ബാധിച്ച് മരണമടഞ്ഞു. കൃത്യമായ തീയതി അറിയില്ല. അനൂപിനെക്കൂടി ലിസ്റ്റിൽ ചേർക്കുമോ" റോബിൻ പാല

"Cecily Devasia, DOB 25/2/1978 - DOD: 18/06/2020. She was a former Jy Uk and relocated to Melbourne in 2014 .. a very active Jy family with 4 kids. Actively involved in intercession/ family ministry etc. She passed away due breast cancer".
**ഓസ്ട്രേലിയയിൽ നിന്ന് മിന്റു**

Addicted to read,❤️ Excellent effort - **ആന്റോ ത്രിശൂർ**

👍 Good, Could read fully in one sitting🤝- **ഡോ. കൊച്ചുറാണി ജോസഫ്**

"മനോഹരം എന്ന് വിശേഷിപ്പിച്ചാൽ മതിയാവില്ല "❤️-**ഡോ. സണ്ണി ജോർജ് കാഞ്ഞിരപ്പള്ളി**

"ഈ കുറിപ്പുകൾ കാണുമ്പോൾ വലിയ സന്തോഷം. പഴയ സ്നേഹപൂർവ്വമാണ് ഓർമ്മ വരുന്നത് " ഇപ്പോൾ സൗദി അറേബ്യയിലുള്ള പോട്ടയിൽ നിന്നുള **മനോജ്** .

## 95 എറണാകുളത്തെ ബ്രൈറ്റ്

1985 -2000 കാലത്തൊക്കെ ഏറെ സജീവമായി മുൻ നിരയിലുണ്ടായിരുന്നവരിൽ ഒരാളാണ് ബ്രൈറ്റ്. മുൻപ് സജീവമായിരുന്നവരിൽ ഇപ്പോൾ മുൻ നിരയിലില്ലാത്തവർക്ക് ജീസസ് യൂത്ത് വിശേഷങ്ങൾ ഏറെ സന്തോഷം പകരുന്നല്ലോ എന്ന ഓർമ്മപ്പെടുത്തലാണ് ബ്രൈറ്റിന്റെ കുറിപ്പ് എനിക്ക് നല്കിയത്. ഓരോ പ്രദേശത്തുമുള്ള 'പഴയ' ആളുകൾക്ക് ഇതൊന്നെത്തിച്ചു കൊടുത്താലത് ഗുണമായേക്കും. 'നന്ദി. ഒത്തിരി നാളുകൾക്കു ശേഷം JY വിശേഷങ്ങൾ അറിയാൻ കഴിഞ്ഞതിൽ. ദൈവം അനുഗ്രഹിക്കട്ടെ. ഒരു കാര്യം കൂടി, എന്നെ ഓർത്തതിനും, പരിഗണിച്ചതിനും പ്രത്യേകം നന്ദി'.

## 96 അപ്പൻ അനുഭവം

ഇരിങ്ങാലക്കുടയിൽ സജീവമായിരുന്ന ഷെജിനിപ്പോൾ ഷാലോം ടിവിയിലാണ് ജോലി ചെയ്യുന്നത്. ജോയി ഫുൾ സിക്സ് തന്നറിയപ്പെടുന്ന ഷെജിന്റെയും സ്മിതയുടെയും 6 കുട്ടികളുടെ വീഡിയോകൾ ഏറെ പ്രശസ്തമാണ്. മകൾ ജെസ്സിക്കയോടൊത്ത് ഷെജിൻ എന്ന അപ്പന്റെ ചില സന്തോഷ നിമിഷങ്ങളെക്കുറിച്ച്.

Had a blessed day with my daughter Jessica. Shared lots of her joyous moments, struggles, concerns, plans, prayer requests etc in 5-6 hours. She made me to pray by laying my hands on her head. What more can I pray…"Almighty God, She is your daughter. Thank you for gifting her along with her 5 siblings. What did you find in Smitha and Myself to entrust them into our hands ? Myself & Smitha are ordinary parents who need your grace and blessings to nurture them to fulfil your perfect will about them in their life. Nothing but Thank you Jesus"

## 97 അമ്മ അനുഭവം

ഒരു വീട്ടിലെ അഞ്ചു മക്കളും ജീസസ് യൂത്ത് ഫുൾ ടൈം വോളന്റിയേഴ്സായിരുന്നു. തിരുവനനപുരത്തുണ്ടായിരുന്ന, അടുത്തയിടെ അന്തരിച്ച ഏ. റ്റി ജോസഫ് സാറിന്റെ മക്കളാണവർ. ഫുൾടൈമർഷിപ്പിന് തുടക്കമിട്ട സന്തോഷ് മൂത്തയാൾ. ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്ന സംഗീത മൂന്നാമത്തെയാളാണ്. മക്കളുടെ കൂടെ ചിലവഴിച്ച വ്യത്യസ്തമായ ഒരു ദിവസത്തെക്കുറിച്ചാണീ ലഘുകുറിപ്പ്.

A day off from school, so took them for Mass this morning and a breakfast at Crow's Nest! They took me to another world of topics covering  Police, wars, army planes, military, soldiers, Soccer, Cristiano Ronaldo, Swat team,Space, Mercury, Mars, Games and Guns😳!! Throughly enjoyed the time with them😊 and pretended to enjoy the hot topic discussions.😐Never knew they had so much to say and talk about. They thanked me for taking them to their fav breakfast place and promised they will be taking me to Hawaii and Japan when I am old and for a pilgrimage trip to Europe if I am still alive!










